# MITHRAM

**A Quarterly News Bulletin of Syro-Malabar Marol Parish**

**Vol. 6 No. 1** **(For Private Circulation only)** **March - 2012**

**Editorial Board**

**Mr. V. M. George**
**Mr. K. V. Varkey**
**Mrs. Annie Francis**

**Editorial Adviser**

**Rev. Fr. Jebin Pathiparambil**
**Parish Priest**

**Address:**

**Kristuraj Church,**
**Marol Village,**
**Mumbai - 400 059.**
**Tel. 28381270 / 29205050**

**Published by**

**Kristuraj Parish,**
**Syro-Malabar Parish,**
**Marol,**
**Mumbai - 400 059.**

**Printed at**

**Ideal Printlinks Pvt. Ltd.,**
**Powai, Mumbai - 400 076.**

## ***EDITORIAL***

We are already in the midst of the Lenten season. Lent is the time when great spiritual renewals take place. It definitely helps us to stop the spiritual slackening wherever it is happening or on whomever such degradations set in, like all the unholy attachments and passions tempting us and causing us to sin. It motivates us to grow in love and deepen our faith in Christ. In this context it is helpful to remind ourselves about the Prodigal Son and the Good Samaritan. They can be our patterns and exemplars during this lent. Follow the glorious return of the younger son from wallowing in filth of sin. He was genuinely penitent and we can join him in his genuine remorse. Learn from the Good Samaritan, how he became a good neighbour to the most needy. So our agenda should be genuine penitence for our sins and practice of charitable deeds for Christ's sake.

The promotion of our Major Archbishop Mar George Alancherry as a Prince of the Church is a big honour for our Syro-Malabar Church. His eminence is empowered to assist the Holy Father in the governance of the Universal Church and is a member of the Electoral College to elect the Holy Father.

This ecclesiastical year the dedication and emphasis is given to the Holy Bible and the Holy Eucharist. We have to be conversant with all the books of the Bible, especially the New Testament containing the teachings and activities of Jesus and deepen our faith in the Holy Eucharist, the sacrament of Christ's supreme sacrifice, the central point of our life. For Jesus says: "Whoever eats my flesh and drinks my blood has eternal life, and I will raise him up at the last day."And that is our great Easter message.



# ഇടയശബ്ദം

ഈശോമിശിഹായുടെ ഉത്ഥാനം എന്ന അടിസ്ഥാനശിലമേൽ പണിയപ്പെട്ടതാണ് ക്രൈസ്തവവിശ്വാസവും സഭാ ജീവിതവും. ഇത് നമുക്ക് പൗലോശ്ലീഹാ കൊറിന്തോസിലെ സഭയ്ക്കുള്ള ലേഖനത്തിൽ എഴുതിയിരിക്കുന്നതുപോലെ ''മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാണ്, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം'' (1 കൊറി 15:14). ഈശോമിശിഹായുടെ ഉത്ഥാനം എന്ന ചരിത്ര യാഥാർത്ഥ്യത്തെ ശ്ലീഹന്മാർ തങ്ങളുടെ ജീവിതങ്ങളിൽ ചരിത്രാനുഭവമാണെന്ന് തിരിച്ചറിഞ്ഞു. ''ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടു സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു.'' (1 യോഹ. 1:1).

കർത്താവിന്റെ മരണവും ഉയിർപ്പും എന്ന ഒരു വ്യക്തിയുടെ സ്വകാര്യമായ യാഥാർത്ഥ്യങ്ങളല്ല, സഭയുടെ ജീവിത യാഥാർത്ഥ്യമാണെന്ന് സഭ മനസിലാക്കി. ഉയിർപ്പു തിരുനാളിനെത്തുടർന്നു വരുന്ന എട്ടുദിവസങ്ങൾ ആഘോഷിക്കാൻ വിശ്വാസികളെ പ്രേരിപ്പിച്ചത് കർത്താവിന്റെ മരണോത്ഥാനങ്ങളിൽ തങ്ങളും പങ്കുചേരുന്നുവെന്ന ബോധ്യമാണ്. മാമ്മോദീസയിലൂടെ സഭയുടെ മക്കളായിത്തീരുന്നവരെല്ലാം കർത്താവിന്റെ മരണോത്ഥാന രഹസ്യത്തിൽ പങ്കുചേരുന്നുവെന്ന് റോമാക്കാർക്കുള്ള ലേഖനത്തിൽ വി. പൗലോസ് പഠിപ്പിക്കുന്നു. (റോമ. 6:3-4) ഈ പങ്കുചേരൽ ഓരോ വിശുദ്ധ കുർബ്ബാനയിലും തുടരുന്നു. ഉത്ഥാന അനുഭവത്തിലൂടെ കടന്നുപോകുന്ന ക്രൈസ്തവർക്ക് ഒരു പുതുജീവൻ ലഭിച്ച അനുഭവമാണ് ലഭിക്കുന്നത്. ഉയിർപ്പിനെ തുടർന്നുവരുന്ന എട്ടുനാളുകളിൽ കർത്താവിന്റെ ഉത്ഥാനത്തിൽ പങ്കുചേർന്ന് പുതുജീവൻ പ്രാപിച്ചവരെപ്പോലെയാണ് ക്രൈസ്തവർ വ്യാപരിച്ചിരുന്നത്. പുതുജീവന്റെ ആഹ്ലാദതിമിർപ്പ് പ്രകാശിപ്പിക്കുന്ന അടയാളമായിരുന്നു അവർ ധരിച്ചിരുന്ന വെള്ള വസ്ത്രം. ഇതിന്റെ പ്രതീകമാവാം പാശ്ചാത്യ പാരമ്പര്യത്തിൽ ഉയിർപ്പ് കഴിഞ്ഞുള്ള ഞായറാഴ്ചയെ ''വെളുത്ത ഞായർ'' എന്നും മാർതോമ്മാ ക്രിസ്ത്യാനികൾ ഇതിനെ ''പുതുഞായർ'' എന്നും വിളിച്ചുപോന്നത്. ഉത്ഥിതനായ കർത്താവിലുള്ള വിശ്വാസം തോമാശ്ലീഹായെപ്പോലെ ''എന്റെ കർത്താവേ, എന്റെ ദൈവമേ'' എന്നു വിളിച്ച് ഉദ്ഘോഷിക്കേണ്ട ഒരു ഞായറാണിത്.

ഉത്ഥാനാനുഭവം മകുടമായ പെസഹാ രഹസ്യത്തിലുള്ള പങ്കുചേരലാണ് ക്രൈസ്തവ ജീവിതത്തിന്റെ ധന്യത. ഈ പെസഹാനുഭവമാണ് വിശുദ്ധരെ അവരുടെ ഉന്നത പദവിയിലേയ്ക്ക് നയിച്ചത്. വി. അൽഫോൻസാമ്മ ഇതിനൊരു ഉദാഹരണമാണ്. പെസഹാ രഹസ്യത്തിലുള്ള പങ്കുചേരലാണ് വിശുദ്ധരുടെ വിശുദ്ധിയുടെ അടിസ്ഥാനമെന്നുള്ള സഭയുടെ ദൃഢമായ ബോധ്യത്തിന്റെ പരിണതഫലമായിട്ടാണ് ഉയിർപ്പു തിരുനാളിനെതുടർന്നുവരുന്ന വെള്ളിയാഴ്ച സീറോ മലബാർ സഭ സകല വിശുദ്ധരുടേയും തിരുനാൾ ആഘോഷിക്കുന്നത്.

ഉയിർപ്പു കാലത്തെ ആരാധനാഘോഷവേളകളിൽ ഉത്ഥാനരഹസ്യത്തിന്റെ ആഴത്തിലേയ്ക്ക് വിശ്വാസികളുടെ ഹൃദയങ്ങളെ സഭ ക്ഷണിക്കുന്നു. വ്യക്തി നിഷ്ഠമായ തോന്നലുകൾ എന്നതിനേക്കാൾ വസ്തുനിഷ്ഠമായ അനുഭവങ്ങൾ എന്ന നിലയിലാണ് ഉത്ഥാനാനുഭവങ്ങളെ പുതിയ നിയമം അവതരിപ്പിക്കുന്നത്. ഉത്ഥാന രഹസ്യത്തിന്റെ ഭാഗം തന്നെയാണ് കർത്താവിന്റെ സ്വർഗ്ഗാരോഹണവും, പരിശുദ്ധാത്മാവിന്റെ ആഗമനവും. മഹത്വപൂർണ്ണനായി പിതാവിന്റെ വലത്തുഭാഗത്തു ഉപവിഷ്ഠനാകുന്ന കർത്താവ് നമ്മുടെ എല്ലാ പ്രത്യാശയുടേയും സാക്ഷാത്ക്കാരമാണ്. സ്വർഗ്ഗാരോഹണത്തിന്റെ പരിണിതഫലമായുണ്ടാകുന്ന കൃപാമാരിയാണ് പരിശുദ്ധാത്മാവിന്റെ ആഗമനത്തിലൂടെ സംഭവിക്കുന്നത്. അതുകൊണ്ട് വളരെയേറെ ആഹ്ലാദത്തോടും ഉത്സാഹത്തോടും ഉണർവ്വോടുംകൂടി ഈ ഉയിർപ്പുകാലം ചെലവഴിക്കാം.

മിത്രം ആസ്വാദകരായ എല്ലാവർക്കും ഉയിർപ്പിന്റെ മംഗളങ്ങൾ !

സ്നേഹത്തോടെ, **ജെബിനച്ചൻ**

# ഉപവാസം

## ആത്മശരീര വിശുദ്ധീകരണമാർഗ്ഗം

മിശിഹായുടെ പെസഹാ രഹസ്യങ്ങളുമായുള്ള താദാത്മ്യപ്പെട ലാണ് ഉപവാസം. വലിയനോമ്പുകാലം ഇതിനുതകുന്ന ഏറ്റവും നല്ല അവസരമാണ്. മിശിഹായുടെ പീഡാ-സഹന-ഉത്ഥാന രഹസ്യങ്ങളിലുള്ള പങ്കുപറ്റലാണിത്. മാമ്മോദീസായിൽ ആരംഭിച്ച ഈ പെസഹാനുഭവം നിർമ്മലമായൊരു ജീവിതത്തിനുള്ള വിളിയാണ്. മാമ്മോദീസായിൽ കൈവന്ന ആത്മശരീരവിശുദ്ധി അഭംഗുരം നിലനിർത്തുന്നതിന് ഏറ്റവും സഹായകമായ മാർഗ്ഗമാണ് ഉപവാസം. മിശിഹായുടെ മരുഭൂമിയിലെ ഉപവാസത്തിൻെറ അനുകരണമായ വിലിയ നോമ്പുകാലത്തിലെ ഉപവാസം, ജീവിത നവീകരണത്തിലൂടെ ആത്മീയാഭിവൃദ്ധിയിലേക്ക് വളരാൻ നമ്മെ സഹായിക്കുന്നു.

ദൈവഭയമുള്ള, ഈശ്വരാശ്രയമുള്ള മനുഷ്യൻെറ ലക്ഷണങ്ങ ളാണ് സുഭിക്ഷമായ ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കുക, ഇന്ദ്രിയാഹ്ളാദകരമായ കാര്യങ്ങൾ ഉപേക്ഷിക്കുക എന്നത്. കാരണം, മാനസാന്തരത്തിനും പാപമോചനത്തിനും ഇത് അത്യന്താപേക്ഷിതമാണ്.

### പഴയ നിയമത്തിൽ

ഉപവാസത്തിൻെറ മഹാത്മ്യം എല്ലാ യുഗങ്ങളിലും ദേശങ്ങ ളിലും മതങ്ങളിലും കാണാം. പൂർവ്വ പിതാക്കന്മാരായ അബ്രാഹവും യാക്കോബും ഉപവസിച്ചു. സാറായുടെ മരണ ത്തിൽ അബ്രാഹം ഉപവസിച്ചുകൊണ്ടു വിലപിച്ചു (ഉല്പ. 23:2). ദൈവത്തിൽ നിന്നും 10 പ്രമാണങ്ങൾ സ്വീകരിക്കുന്നതിനു മുമ്പായി 40 ദിവസങ്ങൾ മൂശ ഉപവസിച്ചു (പുറ. 34:28). യുദ്ധങ്ങളിൽ പരാജയം സംഭവിക്കുമ്പോഴെല്ലാം ഇസ്രായേൽ ജനം മുഴുവനും അവരുടെ നേതാക്കന്മാരോടൊന്നിച്ച് ഉപവസിച്ചിരുന്നതായി കാണാം (ജോഷ്വാ 7:6, ന്യായാ. 20:26, സാമു 7:6). ദൈവകോപത്തിൽ നിന്നും രക്ഷപ്പെടുന്നതിനു വേണ്ടി നിനിവേനിവാസികൾ 40 ദിവസങ്ങൾ ചാക്കുടുത്ത് ചാരംപൂശി ഉപവസിച്ചു (യോന 3:5).

നോമ്പു ദിവസങ്ങളിൽ ഹൃദയമാണ്, വസ്ത്രമല്ല കീറേണ്ടതെന്ന് ജോയേൽ പ്രവാചകൻ അനുശാസിക്കുന്നു (2:13). യഥാർത്ഥ ഉപവാസത്തെക്കുറിച്ച് ഏശയ്യാ പ്രവാചകൻ ഇങ്ങനെ ഉപദേശിക്കുന്നു. ''ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിച്ച്, നുകത്തിൻെറ കയറുകൾ അറുത്തഴിച്ച്, മർദ്ദിതരെ സ്വതന്ത്രരാക്കി, വിശക്കുന്നവരുമായി ആഹാരം പങ്കുവെച്ച്, ഭവന രഹിതരെ പാർപ്പിച്ച്, നഗ്നരെ ഉടുപ്പിച്ച്, പരസ്പര വിദ്വേഷമുള്ളിടത്ത് സ്നേഹം വിതയ്ക്കാനുതകുന്ന ഉപവാസമാണ് യഥാർത്ഥ ഉപവാസം'' (ഏശ 58:6-7).

### പുതിയ നിയമത്തിൽ

മിശിഹായ്ക്ക് വഴിയൊരുക്കുവാൻ വന്ന സ്നാപക യോഹന്നാൻ താപസനായിരുന്നു (മത്താ. 3:4). സ്നാപകൻെറ ശിഷ്യന്മാർ ഉപവസിച്ചിരുന്നു (മത്താ. 9:14-15). മിശിഹാ തൻെറ പരസ്യ ജീവിതത്തിനുമുമ്പ് 40 ദിവസം ഉപവസിച്ചു. (മത്താ. 4:2). വിധവയായിരുന്ന അന്ന 84-ാം വയസിലും രാപ്പകൽ ദൈവത്തെ സ്തുതിച്ചുകൊണ്ട് പ്രാർത്ഥനയിലും ഉപവാസ ത്തിലും ദൈവാലയത്തിൽ കഴിച്ചുകൂട്ടി (ലൂക്കാ 2:37).

മാനസാന്തരത്തിനുമുമ്പ് സാവൂൾ മൂന്നുദിവസം ഉപവസിച്ചു (അപ്പ. പ്രവ. 9:9). പത്രോസിൽ നിന്നും വചനം സ്വീകരിക്കുന്ന തിനുമുമ്പ് കോർണേലിയൂസും മൂന്നു ദിവസം ഉപവസിച്ചതായി കാണുന്നു. (അപ്പ. പ്രവ. 10: 30-31). പൗലോസിനെയും ബർണബാസിനെയും തെരഞ്ഞെടുക്കുന്നതിനുമുമ്പ് അന്ത്യോക്യായിൽ സഭ മുഴുവനും ഉപവസിച്ചു (അപ്പ. പ്രവ. 13:2-3). പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടിയാണ് സഭകൾതോറും ശ്രേഷ്ഠന്മാരെ നിയമിച്ചിരുന്നത്. (അപ്പ. പ്രവ. 14:23). പാപപരിഹാരാർത്ഥം ഉപവസിക്കുന്ന പാരമ്പര്യം സഭയിൽ നിലനിന്നിരുന്നു (അപ്പ. പ്രവ. 27:9). അങ്ങനെ, പ്രാർത്ഥനയും ഉപവാസവും സഭാ ജീവിതത്തിലെ അനിവാര്യ ഘടകങ്ങളായി കാണാം.

### ഉപവാസത്തിൻെറ പ്രസക്തി

#### ആത്മീയം

നമ്മിലുള്ള ദുഷ്പ്രവണതകൾക്കെതിരെ യുദ്ധം ചെയ്തു ജയിക്കുന്നതിനുള്ള ശക്തമായ ആയുധമാണ് ഉപവാസം. ദൈവകാരുണ്യം നേടുന്നതിനുള്ള മഹനീയമായ പ്രവൃത്തി യാണിത്. ശരീരം ഭക്ഷണത്തിൽ നിന്നും മാറിനിന്നതുകൊണ്ട് മാത്രമായില്ല. ശരീരം ഭക്ഷണത്തിൽ നിന്നു മാറി നിൽക്കു മ്പോൾ, ആത്മാവ് ദുശ്ശീലങ്ങളിൽ നിന്നും അകന്നു നിൽക്കണം (Bedjan, Breviarium 11, 217). തെറ്റുകളെ തിരുത്തുകയും സുകൃതജീവിതം നയിക്കുകയുമാണ് ഇതിനുള്ള മാർഗ്ഗം. ബാഹ്യമായ നിഗ്രഹവും ആന്തരികമായ പരിത്യാഗവുമാണ് ഇത് സൂചിപ്പിക്കുന്നത്.

ഉപവാസ, പ്രായശ്ചിത്ത, അനുതാപ പ്രവൃത്തികളിലൂടെ വൈദ്യന്മാരുടെ വൈദ്യനായ മിശിഹായെ അഭയം പ്രാപിക്കുകയാണ് (മത്താ. 9:12) ഈ വലിയ നോമ്പിൽ ചെയ്യുന്നത്. പാപികളെ തേടിവന്ന മിശിഹാ (മത്താ. 25:40, 1 യോഹ. 4:20), തീക്ഷ്ണമായ പ്രാർത്ഥനയിലൂടെയും പരിത്യാഗത്തിലൂടെയും പരസ്നേഹപ്രവൃത്തികളിലൂടെയും തന്നെ സമീപിക്കുന്നവരെ ഒരിക്കലും കൈവെടിയുകയില്ല. ''നീതിമാന്മാരെ പരിരക്ഷിക്കുകയും, ഒപ്പം പാപികളെ ജീവനിലേക്കു നയിക്കുവാൻ സന്നദ്ധനുമായ കർത്താവേ, പാപികളിൽ മുമ്പനായ എന്നേയും (1 തിമേ. 1:15) പതിനൊന്നാം മണിക്കൂറിലും മുന്തിരിത്തോപ്പിൽ ജോലിക്കെത്തിയവരോ ടൊപ്പം അവിടുത്തെ സമ്മാനത്തിന് യോഗ്യനാക്കണമെ'' എന്നാണ് ഈ കാലത്തിൽ പ്രാർത്ഥിക്കുന്നത് (Bedjan, Breviarium 11, 91).

പാവങ്ങളുമായി സമ്പത്തു പങ്കുവെച്ച ചുങ്കക്കാരൻ സക്കേവൂസി നെയും (ലൂക്കാ. 19:1-10), ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടിനെ മിശിഹായിൽ കണ്ടെത്തിയ പാപിനിയായ സ്ത്രീയേയും (യോഹ. 8: 3-11), കർത്താവിൻെറ കരുണയ്ക്കായി നിലവിളിച്ച് സൗഖ്യം നേടിയ കുഷ്ഠ രോഗിയേയുമാണ് (മത്താ. 8:1-11) അനുതാപത്തിൻെറ മഹനീയ മാതൃകകളായി വലിയ നോമ്പിൽ കാണുന്നത് (Bedjan, Breviarium 11, 57).

#### ശാരീരികം

പട്ടിണി കിടക്കുന്നതല്ല ഉപവാസം; ഭക്ഷണം വേണ്ടെന്നുവെച്ച് ദൈവിക സാമീപ്യത്തിന് ശരീരം സഹായകമാകുന്നതിനു വേണ്ടി പരിത്യാഗം ചെയ്യുന്നതാണ് ഉപവാസം. അതിനാൽ ഉപവാസം ശരീരത്തിന് ഹാനികരമല്ല, പ്രത്യുത രക്ഷാകരമാണ്.

രോഗം വരുമ്പോൾ ഭക്ഷണം ഉപേക്ഷിക്കുന്നതിനുള്ള ഒരു സ്വാഭാവിക പ്രവണത മൃഗങ്ങളിലും പക്ഷികളിലും കാണാം. ഇത്, മരുന്നുകളൊന്നും കൂടാതെ തന്നെ അവർക്ക് സ്വാഭാവിക സൗഖ്യവും പ്രതിരോധവും നൽകുന്നു. ഉപവാസം ഒരു സ്വാഭാവിക പ്രതിരോധമാർഗം കൂടിയാണെന്ന് ഇതിൽ നിന്നും മനസിലാക്കാം. ക്രമാനുഗതമായ ഉപവാസ ശീലം ശരീരത്തിനും മനസിനും ആരോഗ്യവും ഉന്മേഷവും പ്രദാനം ചെയ്യും.

ഏതൊരു പ്രവർത്തന സംവിധാനത്തിനും ക്രമാനുഗതമായ വിശ്രമവും ശുദ്ധീകരണവും അത്യന്താപേക്ഷിതമാണ്. ശരീരം ഭക്ഷണത്തിൽ നിന്നു മാറി നിൽക്കുന്നതുവഴി, ദഹനേന്ദ്രിയ സംവിധാനത്തിന് വിശ്രമം ലഭിക്കുകയും അതിൻെറ എല്ലാവിധ കേടുപാടുകളെയും തീർക്കുകയും തുടർന്ന് കാര്യക്ഷമമായ പ്രവർത്തനത്തിന് സുസജ്ജമാക്കുകയും ചെയ്യും. ഭക്ഷണത്തിലൂടെ ശരീരത്തിൽ അടിഞ്ഞുകൂടിയിരിക്കുന്ന വിഷാംശങ്ങളെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ശരീരം അതിൻെറ ഊർജ്ജം മുഴുവനും അപ്പോൾ ഉപയോഗിക്കുകയും അങ്ങനെ ദഹന സംവിധാനം പൂർവ്വാധികം പ്രവർത്തന സജ്ജമാക്കപ്പെടുകയും ചെയ്യുന്നു. അതിനാൽ, ക്രമാനുഗതമായ ഉപവാസം രോഗങ്ങളിൽനിന്നും സൗഖ്യം നൽകുകയും പ്രതിരോധശക്തി കൂട്ടുകയും ദഹനേന്ദ്രിയ പ്രവർത്തനം ഊർജ്ജസലമാക്കുകയും രക്തത്തിലെ കൊഴുപ്പും പഞ്ചസാരയും നിയന്ത്രണവിധേയമാക്കുകയും ചെയ്യുന്നു.

## ഉപവാസത്തിൻെറ ഫലങ്ങൾ

ആത്മീയം

ആത്മീയാഭിവൃദ്ധിക്ക് ഏറ്റവും ഉപകാരപ്രദമായൊരു പരിത്യാഗ മാർഗ്ഗമാണ് ഉപവാസം. ഇതുവഴിയായി ദൈവകാരുണ്യവും അനുഗ്രഹവും എളുപ്പത്തിൽ നേടിയെടുക്കാം. 10 പ്രമാണങ്ങൾ സ്വീകരിക്കുവാൻ മോശ അർഹത നേടിയതും (പുറ. 24:18;; 34;28) ഏലിയാ പ്രവാചകൻ സ്വർണ്ണരഥത്തിൽ എടുക്കപ്പെട്ടതും (2 രാജ. 2:11) ജോഷ്വാ സൂര്യനെ നിശ്ചലമാക്കിയതും (ജോഷ്വാ 1:1) ദാനിയേൽ സിംഹങ്ങളുടെ വായ്കൾ പൂട്ടിയതും (ദാനി 6:16-23) മൂന്നു യുവാക്കൾ തീച്ചൂളയിൽ ദൈവത്തെ സ്തുതിച്ചതും (ദാനി. 3:19) ഉപവാസത്തിൻെറ ശക്തികൊണ്ടാണ് (Bedjan, Breviarium 11, 56).

സഭയിലെ ഉപവാസത്തെ പറുദീസായിലെ ജീവൻെറ വൃക്ഷത്തോടാണ് (ഉത്പ. 3 : 24) ഉപമിച്ചിരിക്കുന്നത്. അതിൻെറ ഫലങ്ങൾ ഭക്ഷണയോഗ്യവും ഇലകൾ മരുന്നുമാണ്. അതുവഴി ആത്മ സൗഖ്യവും വീര്യവും കരഗതമാകുന്നു. ദൈവിക ചിന്തകളെകൊണ്ട് ഉപവാസം മനസ് നിറയ്ക്കുകയും, ദൈവസ്തുതിപ്പുകൾക്കായി ബുദ്ധിയെ പവിത്രീകരിക്കുകയും ചെയ്യുന്നു. ശരീരം ശക്തി പ്രാപിക്കുകയും അനുതാപ തൈലത്താൽ കണ്ണുകൾ പ്രോജ്ജ്വലമാകുകയും ചെയ്യുന്നു. അങ്ങനെ ആത്മാവും ശരീരവും പരിശുദ്ധാത്മാവിൻെറ ആലയമായിത്തീരുകയും ജീവൻെറ പുസ്തകത്തിൽ പേരെഴുതപ്പെടുകയും ചെയ്യുന്നു (Bedjan, Breviarium 11, 194).

നവീകരണവും പുനഃസൃഷ്ടിയും ഉപവാസത്തിൻെറ മറ്റുരണ്ടു സ്വഭാവ വൈശിഷ്ട്യങ്ങളാണ്. കഴിഞ്ഞകാല തെറ്റുകൾക്കു വേണ്ടിയുള്ള പ്രായശ്ചിത്തവും പരിഹാരവുമാണ് ഉപവാസം. പ്രലോഭനങ്ങളെ അതിജീവിക്കാനുള്ള അതിശക്തമായ ആയുധമാണിത്. ആത്മരക്ഷ സുരക്ഷിതമാക്കാൻ പരിശ്രമിക്കുന്തോറും, ദുഷ്ടശക്തി അതിനെതിരെ പടപൊരുതും. ആത്മാർത്ഥമായി പൊരുതിയാൽ വിജയം ഉറപ്പാണെന്ന കാര്യം മറക്കരുത്. കാരണം, ആരാലും കീഴടക്കാൻ പറ്റാത്ത മിശിഹായിലാണ് നമ്മുടെ പ്രത്യാശ.

**ശാരീരികം**

ശരീരത്തിൻെറ ഭാരം കുറച്ച് വേദനകളെ നിഹനിക്കുന്നു. സ്വാഭാവികവും ക്രമാനുഗതവുമായി പ്രവർത്തന സംവിധാനത്തെ ക്രമപ്പെടുത്തുന്നതിനാൽ ശരീരം കൂടുതൽ ശക്തിയാർജ്ജിക്കുന്നു. കരളിനെ കൂടുതൽ പ്രവർത്തന നിരതമാക്കുകയും, ശുദ്ധരക്തം സുഗമമായി ഞരമ്പുകളിലൂടെ ഒഴുകുകയും ചെയ്യുന്നു. തത്ഫലമായി സർവ്വാംഗം ഉന്മേഷം ലഭിക്കുകയും ചെയ്യുന്നു. രക്തസമ്മർദ്ദം കുറയുകയും പ്രമേഹം നിയന്ത്രണ വിധേയമാകുകയും ചെയ്യുന്നു. അലസതയും അവശതയും അപ്രത്യക്ഷമാകുന്നു. മനഃശക്തിയും മനഃസമാധാനവും വർദ്ധിക്കുന്നു. ഇതുവഴിയായി മനസുണർന്ന് സന്തോഷ നിർഭരമാകുന്നു. പഞ്ചേന്ദ്രിയങ്ങൾ ഊർജ്ജസ്വലമാകുകയും, മരണത്തെക്കുറിച്ചുള്ള ഓർമ്മയുണർത്തി സുകൃതങ്ങളിൽ വ്യാപരിക്കാൻ പ്രേരണ നൽകുകയും ചെയ്യുന്നു. ക്രമേണ ഭക്തൻ ഒരു പുതുജന്മം പ്രാപിക്കുന്നു. (Bedjan, Breviarium 11, 8, 27-28, 31-32).

ഉപവാസത്തിൻെറ ശക്തി ദൂരവ്യാപകമാണ്. അത് ഹൃദയ പരിവർത്തനം സുഗമമാക്കുന്നു. പാപമോചനം എളുപ്പമാക്കുന്നു. ഉപവാസം, ദാനധർമ്മം, നീതി എന്നിവയോടുകൂടിയ പ്രാർത്ഥന ദൈവതിരുമുമ്പിൽ പെട്ടെന്ന് ഫലദായകമാകും (തോബ. 128). ദൈവത്തിൻെറയും മറ്റുള്ളവരുടേയും മുമ്പിൽ എളിമപ്പെടുന്നതിന് ഉപവാസം സഹായകമാകുന്നു (യോന. 3:5). ശത്രുമദ്ധ്യേ യാത്ര സുഗമമാക്കുന്നു (യൂദിത്ത് 9:13). കർത്താവ് മനസുമാറ്റി ശിക്ഷ പിൻവലിക്കുന്നു (ജോയേ. 2:14). ദുഷ്ടതയെ ഉപേക്ഷിക്കാനും പാപത്തെ വെറുക്കാനും ബന്ധനങ്ങളിൽ നിന്നു വിമുക്തി നേടാനും വിശക്കുന്നവരുമായി ഭക്ഷണം പങ്കുവെക്കാനും ഭവനരഹിതർക്ക് അഭയം നൽകാനും നഗ്നരെ ഉടുപ്പിക്കാനും ശത്രുമധ്യേ സ്നേഹം പുലർത്താനും ഉപകരിക്കുന്നതായിരിക്കണം ഉപവാസം.

അതിനാൽ, ഉപവാസത്തോടും വിലാപത്തോടും പ്രാർത്ഥനയോടുംകൂടെ വേണം വലിയനോമ്പുകാലത്ത് കർത്താവിനെ അഭയം പ്രാപിക്കാൻ. എന്തെന്നാൽ, അവിടുന്ന് ഉദാരമതിയും കാരുണ്യവാനും ക്ഷമാശീലനും സ്നേഹസമ്പന്നനും ശിക്ഷ പിൻവലിക്കുവാൻ സന്നദ്ധനുമാണ് (ജോയേ. 2:12). ഉപവാസത്തിലൂടെ തെറ്റുകൾക്ക് പരിഹാരം അനുഷ്ഠിച്ചുകൊണ്ട്, വീണ്ടും അവയിൽ വീഴാതിരിക്കാൻ ശക്തിയാർജ്ജിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ''ലോകം മുഴുവനും നേടിയാലും ആത്മാവ് നശിച്ചാൽ എന്തുഫലം'' (മത്താ. 16:26) എന്നു ചിന്തിച്ച്, ഉപവാസ പ്രാർത്ഥനയിലൂടെയും പരിത്യാഗ കർമ്മങ്ങളിലൂടെയും അക്ഷയമായ സ്വർഗ്ഗീയ സമ്പത്തു നേടാൻ വലിയനോമ്പുകാലം ക്ഷണിക്കുന്നു.

**ഡോ. ജോൺ മൂലൻ**
(കടപ്പാട് - കുടുംബ ജോതിസ്)

## The Three Trees

Once upon a mountain top, three little trees stood and dreamed of what they wanted to become when they grew up. The first little tree looked up at the stars and said: "I want to hold treasure. I want to be covered with gold and filled with precious stones. I'll be the most beautiful treasure chest in the world!" The second little tree looked out at the small stream trickling by on its way to the ocean. "I want to be traveling on mighty waters and carrying powerful kings. I'll be the strongest ship in the world!" The third little tree looked down into the valley below where busy men and women worked in a busy town. "I don't want to leave the mountain top at all. I want to grow so tall that when people stop to look at me, they'll raise their eyes to heaven and think of God. I will be the tallest tree in the world."

Years passed and the little trees grew tall. One day three woodcutters climbed the mountain. The first woodcutter looked at the first tree and said, "This tree is beautiful. It is perfect for me." With a swoop of his shining axe, the first tree fell. "Now I shall be made into a beautiful chest, I shall hold wonderful treasure!" the first tree said. The second woodcutter looked at the second tree and said, "This tree is strong. It is perfect for me." With a swoop of his shining axe, the second tree fell. "Now I shall sail mighty waters!" thought the second tree. "I shall be a strong ship for mighty kings!" The third tree felt her heart sink when the last woodcutter looked her way. She stood straight and tall and pointed bravely to heaven. But the woodcutter never even looked up. "Any kind of tree will do for me." He muttered. With a swoop of his shining axe the third tree fell.

The first tree rejoiced when the woodcutter brought her to a carpenter's shop. But the carpenter fashioned the tree into a feed box for animals. The once beautiful tree was not covered with gold, nor with treasure. She was coated with sawdust and filled with hay for hungry farm animals. The second tree smiled when the woodcutter took her to a shipyard, but no mighty ship was made that day. Instead, the once strong tree was hammered and sawed into a simple fishing boat. She was too small and too weak to sail to an ocean, or even a river. Instead she was taken to a little lake. The third tree was confused when the woodcutter cut her into strong beams and left her in a lumberyard. "What happened?" The once tall tree wondered. "All I ever wanted was to stay on the mountain top and point to God..."

Many, many days and nights passed. The three trees nearly forgot their dreams. But one night, golden starlight poured over the first tree as a young woman placed her newborn baby in the feed box. "I wish I could make a cradle for him," her husband whispered. The mother squeezed his hand and smiled as the starlight shone on the smooth and the sturdy wood. "This manger is beautiful," she said. And suddenly the first tree knew he was holding the greatest treasure in the world.

One evening a tired traveler and his friends crowded into the old fishing boat. The traveler fell asleep as the second tree quietly sailed out into the lake. Soon a thundering and thrashing storm arose. The little tree shuddered. She knew she did not have the strength to carry so many passengers safely through the wind and the rain. The tired man awakened. He stood up, stretched out his hand and said, "Peace." The storm stopped as quickly as it had begun. And suddenly the second tree knew he was carrying the King of heaven and earth.

One Friday morning, the third tree was startled when her beams were yanked from the forgotten woodpile. She flinched as she was carried through an angry jeering crowd. She shuddered when soldiers nailed a man's hands to her. As she was lifted up on the mountain top she felt ugly and harsh and cruel. But on Sunday morning, when the sun rose and the earth trembled with joy beneath her, the third tree knew that God's love had changed everything. Now every time people saw her, she could point them to God, and that was what she wanted all along.

**- Fr Joseph Pathiparambil MCBS**

# മരണത്തെ മുഖാമുഖം കണ്ടാലും

മുപ്പതിനായിരം പേരെ കാലപുരിക്കയച്ച ഭൂകമ്പമായിരുന്നു 1989-ൽ അർമേനിയയിലുണ്ടായത്. നിമിഷങ്ങൾക്കുള്ളിൽ വൻ കെട്ടിടങ്ങൾ പോലും നിലംപരിശായ ആ ആവസരത്തിൽ ഒരു പിതാവ് തന്റെ പുത്രനെത്തേടി അവൻ പഠിച്ചിരുന്ന സ്കൂളിലേക്കോടി.

ഭൂകമ്പത്തിന്റെ ഫലമായി സ്കൂൾകെട്ടിടം ആകെ തകർന്നുപോയിരുന്നു. തകർന്നടിഞ്ഞ ആ കോൺക്രീറ്റ് കുമ്പാരത്തിനടിയിൽ തന്റെ പുത്രനും ഞെരിഞ്ഞമർന്നു മരിച്ചുപോയിട്ടുണ്ടാവും എന്നോർത്തപ്പോൾ ആ പിതാവ് ഞെട്ടി. എങ്കിലും, തന്റെ പുത്രനെ കണ്ടെത്താതെ പിന്മാറുന്ന പ്രശ്നമേയില്ല എന്ന് അയാൾ ഉള്ളിൽ കരുതി.

തന്റെ മകൻ പഠിച്ചിരുന്ന ക്ലാസ്റും എവിടെയാണെന്ന് അറിയാമായിരുന്നതുകൊണ്ട് ഒരു മൺവെട്ടിയെടുത്ത് ആ ഭാഗത്തുള്ള അവശിഷ്ടങ്ങൾ അയാൾ മാറ്റുവാൻ തുടങ്ങി. അയാളുടെ ഈ പ്രവൃത്തി കണ്ട ചിലർ പറഞ്ഞു: ''വളരെ വൈകിപ്പോയി! വേഗം ജീവനും കൊണ്ടു രക്ഷപ്പെടൂ.'' പക്ഷേ, അവർ പറഞ്ഞത് അയാൾ കേട്ടതായിപ്പോലും ഭാവിച്ചില്ല. അയാൾ കല്ലും മണ്ണും കോൺക്രീറ്റുമൊക്കെ മാറ്റി തന്റെ മകനുവേണ്ടിയുള്ള തെരച്ചിൽ തുടർന്നു.

അധികം താമസിയാതെ പോലീസ് അധികാരികൾ എത്തി. അവർ പറഞ്ഞു: ''എല്ലായിടത്തും തീ പടർന്നു പിടിക്കുന്നു. അതുപോലെ, പലയിടത്തും സ്ഫോടനങ്ങളും സംഭവിക്കുന്നു. നിങ്ങൾ രക്ഷാസങ്കേതത്തിലേക്കു പോകൂ. അതേ ഇനി മാർഗ്ഗമുള്ളു.''

ഇതു കേട്ടപ്പോൾ ആ പിതാവു പറഞ്ഞു: ''എന്നെ സഹായിക്കുവാൻ നിങ്ങൾ തയ്യാറാണോ? എങ്കിൽ ഇവിടെ നിന്ന് എന്റെ മകനെ കണ്ടുപിടിക്കുവാൻ സഹായിക്കൂ.'' പക്ഷേ പോലീസ് അധികാരികൾ അവിടെ നിന്നില്ല. അവർ സ്വന്തം ജീവൻ രക്ഷിക്കുവാൻ രക്ഷാസങ്കേതത്തിലേക്ക് ഓടി.

ആരുടെയും സഹായമില്ലാതെ അയാൾ തനിയെ തന്റെ മകനുവേണ്ടിയുള്ള തെരച്ചിൽ തുടർന്നു. ആ തെരച്ചിൽ ഇരുപത്തിനാലു മണിക്കൂർ നീണ്ടിട്ടും തന്റെ മകനെ കണ്ടെത്തുവാൻ അയാൾക്കു സാധിച്ചില്ല എങ്കിലും പ്രതീക്ഷ കൈവെടിയാതെ തെരച്ചിൽ തുടർന്നു. അയാൾ തെരച്ചിൽ തുടങ്ങിയതിന്റെ മുപ്പത്തിയെട്ടാം മണിക്കൂറിൽ അയാൾ തന്റെ മകന്റെ സ്വരം കേട്ടു. അപ്പോൾ അയാൾ നീട്ടിവിളിച്ചു: ''അർമാൻഡ്'' ഉടനെ അർമാൻഡും നീട്ടി വിളിച്ചു: ''ഡാഡീ! ഡാഡീ!''.

നിമിഷങ്ങൾക്കുള്ളിൽ അയാൾ തന്റെ മകനും അവന്റെ പതിമ്മൂന്നു കൂട്ടുകാരും സുരക്ഷിതരായി കഴിഞ്ഞിരുന്ന സ്ഥലം കണ്ടെത്തി. ഭൂകമ്പത്തിൽ കെട്ടിടം തകർന്നുവീണപ്പോൾ ഒരു ത്രികോണത്തിന്റെ ആകൃതിയിൽ കുറേ സ്ഥലം അവർക്കു രക്ഷാ സങ്കേതമായി ലഭിച്ചു. അങ്ങനെയാണ് അർമാൻഡിനും അവന്റെ പതിമ്മൂന്നു കൂട്ടുകർക്കും രക്ഷപ്പെടുവാൻ സാധിച്ചത്.

പക്ഷേ, ഭൂകമ്പത്തിൽപ്പെട്ടു മുപ്പത്തിയെട്ടു മണിക്കൂർ കഴിഞ്ഞിട്ടുപോലും എങ്ങനെയാണ് അർമാൻഡിനും കൂട്ടുകാർക്കും പിടിച്ചു നിൽക്കുവാൻ സാധിച്ചത്! സാധാരണ രീതിയിൽ ഭയഭീതികൾ മൂലവും വിശപ്പും ദാഹവും മൂലവുമൊക്കെ അവർ തകർന്നു പോകേണ്ടതായിരുന്നില്ലേ?

ഈ ചോദ്യങ്ങൾക്ക് അർമാൻഡ് നല്കുന്ന ഉത്തരം ശ്രദ്ധിക്കൂ: ''എന്റെ കൂട്ടുകാരോടൊക്കെ ധൈര്യമായിരിക്കുവാൻ ഞാൻ പറഞ്ഞു, എന്റെ ഡാഡി ജീവിച്ചിരിപ്പുണ്ടെങ്കിൽ എന്നെ അന്വേഷിച്ചുവരുമെന്നും അങ്ങനെ എന്നെ അന്വേഷിച്ച് ഡാഡി വരുമ്പോൾ

അവർക്കും രക്ഷപ്പെടാനാകുമെന്നും ഞാൻ പറഞ്ഞു. അങ്ങനെയാണ് എന്റെ കൂട്ടുകാരെല്ലാം ഇതുവരെ ധൈര്യമായി ഇരുന്നത്.''

അർമാൻഡിനു തന്റെ ഡാഡിയെ വലിയ വിശ്വാസമായിരുന്നു. അതിനു കാരണവുമുണ്ടായിരുന്നു. അർമാൻഡിനെ അവന്റെ ഡാഡി ഏറെ സ്നേഹിച്ചിരുന്നു. അതുപോലെ അവന്റെ ഏതു കാര്യങ്ങളിലും അവനെ സഹായിക്കുവാൻ താൻ എത്തുമെന്ന് ഒരിക്കൽ അവന്റെ ഡാഡി അവനു വാക്കു കൊടുത്തിരുന്നു. തന്റെ ഡാഡിയുടെ സ്നേഹവും സഹായ വാഗ്ദാനവുമാണ് ഒരു ഭൂകമ്പത്തിനടിപ്പെട്ടു യാതൊരു രക്ഷാമാർഗ്ഗവുമില്ലാതെ വലഞ്ഞപ്പോഴും അവനു പ്രതീക്ഷയും ശക്തിയും നൽകിയത്.

അർമാൻഡിന്റെ ഡാഡിയുടെ സ്നേഹവും സഹായവാഗ്ദാനവും അവനെപ്പോലെതന്നെ അവന്റെ പതിമ്മൂന്നു കൂട്ടുകാർക്കും പ്രതീക്ഷയും ശക്തിയും നൽകി. അങ്ങനെയാണു മരണത്തെ മുഖാമുഖം കണ്ടിട്ടും അവർ പിടിച്ചുനിന്നത്.

ദൈവാനുഗ്രഹത്താൽ നമ്മുടെ നാട്ടിൽ ശക്തിയേറിയ ഭൂകമ്പങ്ങളൊന്നും ഉണ്ടാകാറില്ല. എന്നാൽ, അപൂർവ്വമായിട്ടാണെങ്കിൽപ്പോലും നമ്മുടെ ജീവിതത്തിൽ ശക്തിയേറിയ ഭൂകമ്പങ്ങൾ - പ്രതിസന്ധികൾ, ദുഃഖങ്ങൾ - ഉണ്ടാകാറില്ലേ? അങ്ങനെ ജീവിതത്തിൽ കഠിനമായ പ്രതിസന്ധികളും ദുഃഖങ്ങളും ഉണ്ടാകുമ്പോൾ പിടിച്ചുനിൽക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ? ജീവിതത്തിലെ ഭൂകമ്പങ്ങൾമൂലം തകർന്നടിഞ്ഞുപോകുന്ന അവസ്ഥയാണു നമ്മുടേതെങ്കിൽ നാം എന്താണു ചെയ്യേണ്ടത്?

ഭൂകമ്പത്തിൽ മരണത്തെ മുഖാമുഖം കണ്ടപ്പോഴും അർമാൻഡ് തന്റെ ഡാഡിയിൽ വിശ്വാസമർപ്പിച്ചു കാത്തിരുന്നു. അർമാൻഡിന്റെ നിഷ്കളങ്കതയോടെ നമ്മുടെ പിതാവായ ദൈവത്തിന്റെ സഹായത്തിനായി തിരിയുവാൻ നമുക്കു സാധിച്ചാൽ ജീവിതത്തിലെ ഒരു ഭൂകമ്പത്തിനും നമ്മെ തകർക്കുവാൻ സാധിക്കുകയില്ലെന്നതാണു വാസ്തവം.

അമ്മ തന്റെ കുഞ്ഞിനെ മറന്നാലും ദൈവം തന്റെ മക്കളായ നമ്മെ മറക്കുകയില്ലെന്നു പ്രവാചകന്മാർ വഴി അവിടുന്നു നമ്മോടരുളി ചെയ്തിട്ടുണ്ട്. അതുപോലെ, ദൈവത്തിൽ പ്രതീക്ഷയർപ്പിക്കുന്നവരെ അവിടുന്ന് ഒരിക്കലും കൈവെടിയുകയില്ല എന്നും പ്രവാചകന്മാർ വഴി അവിടുന്നു പറഞ്ഞിട്ടുണ്ട്.

ഭൂമിയിൽ ഒരു പിതാവിനും മാതാവിനും സാധിക്കുന്നതിലധികമായി നമ്മെ സ്നേഹിക്കുന്നവനാണു ദൈവം. അതുപോലെ മറ്റാരെക്കാളും നമ്മുടെ നന്മ ആഗ്രഹിക്കുന്നവനാണു സ്നേഹനിധിയായ ദൈവം. അപ്പോൾപ്പിന്നെ ജീവിതത്തിലെ ഏതു പ്രതിസന്ധി ഘട്ടത്തിലും പ്രതീക്ഷ കൈവെടിയേണ്ട കാര്യമില്ല. മരണത്തെ മുഖാമുഖം കണ്ടാപ്പോലും നാം പതറേണ്ട.

സഹായത്തിനായി ദൈവത്തിങ്കലേക്കു തിരിഞ്ഞാൽ അവിടുന്ന് നമ്മുടെ രക്ഷയ്ക്ക് എത്തുകതന്നെ ചെയ്യും. കാരണം, നാം അവിടുത്തെ സ്വന്തമാണ്.

കടപ്പാട് - ജീവിതവിജയം

**Do you want to get Church news through SMS?**

Then register your name as follows

• Type **ACCEPT KRISTURAJ** and Send this message to the number - **9870801717**

# ഇടവക റിപ്പോർട്ട്

ഉപവാസവും പ്രാർത്ഥനയും അനുതാപവും വഴി നമ്മിലെ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവു മാകാൻ ദൈവം അനുഗ്രഹിക്കട്ടെ.

**വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ :** ക്രിസ്തുരാജ് ദേവാലയത്തിന്റെ ഈ വർഷത്തെ വിശുദ്ധ സെബസ്ത്യാനോ സിന്റെ തിരുനാൾ ജനുവരി 14, 15 എന്നീ തിയ്യതികളിൽ ഭക്തിപൂർവ്വം ആഘോഷിച്ചു. 14-ാം തിയ്യതി ശനിയാഴ്ച ഉച്ചതിരിഞ്ഞ് 5.30ന് കൊടിയേറ്റവും തുടർന്ന് നൊവേനയും, ലദീഞ്ഞു പ്രസുദേന്തിവാഴ്ചയും, തുടർന്ന് നമ്മുടെ വികാരിയച്ചന്റെ നേതൃത്വത്തിൽ ദിവ്യബലിയും അർപ്പിച്ചു. 7.30ന് യൂണിറ്റടി സ്ഥാനത്തിൽ വീടുകളിലേക്ക് അമ്പ് എഴുന്നെ ള്ളിച്ചു. 15-ാം തിയ്യതി വൈകുന്നേരം 4 മണിക്ക് അമ്പ് നേർച്ചയെ തുടർന്ന് 5 മണിക്ക് റവ. ഫാ. ജിപ്സൻ കോലാട്ടുകുടി (MCBS സഭാംഗം - ബെൽ എയർ ഹോസ്പിറ്റൽ)യുടെ നേതൃത്വ ത്തിൽ ആഘോഷമായ വിശുദ്ധ ബലിയും അർപ്പിച്ചു. രണ്ട് ദിവസത്തെയും തിരുനാൾ സന്ദേശം തരുന്നതിനായി അരുണാചൽ പ്രദേശ് മിഷൻ MCBS സഭാംഗം റവ. ഫാ. മനോജ് പരുവംമൂട്ടിൽ സന്നിഹിതനായിരുന്നു. ദിവ്യ ബലിക്ക് ശേഷം ആഘോഷമായ തിരുനാൾ പ്രദിക്ഷണവും അതിന് ശേഷം ലദീഞ്ഞും നേർച്ച വിതരണവും കാപ്പി സല്ക്കാരവും നടത്തി.

സൺഡെ സ്കൂൾ വാർഷിക റിപ്പോർട്ട് 01-01-2012ന് രൂപതയിൽ സബ്മിറ്റ് ചെയ്തെന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചു. ജനുവരി 29-ാം തിയ്യതി വേദോപദേശ വാർഷിക പരീക്ഷ നടത്തുകയും 80 ശതമാനത്തേക്കാൾ കൂടുതൽ മാർക്ക് വാങ്ങിയ 10 കുട്ടികൾക്ക് ഫെബ്രുവരി 19-ാം തിയ്യതി സ്കോളർഷിപ്പ് പരീക്ഷയും ഏർപ്പെടുത്തിയിരുന്നു.

**മാതൃദിനം :** ജനുവരി 26-ാം തിയ്യതി ഈ വർഷത്തെ മാതൃദിനമായി ആഘോഷിച്ചു. ഭാണ്ഡൂപ്പ് ദേവാലയ വികാരി റവ. ഫാ. ടോമി നെല്ലിയാനി മുഖ്യാതിഥിയായും നമ്മുടെ ഇടവക വികാരിയോടൊപ്പം റവ. ഫാ. സിബി താന്നി ക്കലും (മഹാകാളി ഇടവക വികാരി) മാതൃ ദിനത്തിൽ സന്നിഹിതരായിരുന്നു. ബഹുമാന പ്പെട്ട ടോമി അച്ചന്റെ പ്രസംഗം, അമ്മമാരുടെ കലാപരിപാടികൾ, ഗെയിമുകൾ എന്നിവയും ശേഷം കാപ്പി സല്ക്കാരവും മാതൃദിനത്തിന് മാറ്റു കൂട്ടി. 75 അമ്മമാർ ഉൾപ്പെടെ സോണൽ പ്രസിഡണ്ട്, സിസ്റ്റേഴ്സ്, ആനിമേറ്റേഴ്സ് എന്നിവരും പരിപാടിയിൽ പങ്കെടുത്തു.

ജനുവരി 26-ാം തിയ്യതി നമ്മുടെ ദേവാലയ ത്തിൽ നിന്ന് 38 പേർ അടങ്ങുന്ന ഒരു സംഘം കല്യാൺ ഹാജി മലംഗ് എന്ന സ്ഥലത്തെ വൃദ്ധാശ്രമവും അനാഥാലയവും സന്ദർശിക്കു കയും ക്രിസ്തുമസ്സ് ആഘോഷവേളയിൽ സ്വരൂപിച്ചിരുന്ന നിരവധി സമ്മാനങ്ങളും ദേവാലയത്തിന്റെ പേരിൽ ധനസഹായവും അവർക്ക് നല്കി.

ഫെബ്രുവരി 5-ാം തിയ്യതി നമ്മുടെ ഇടവകയിൽ നിന്ന് വളരെയധികം പേർ പൻവേലിൽ ആരംഭിക്കാൻപോകുന്ന ആനിമേഷൻ ആന്റ് റിന്യൂവൽ സെന്ററിന്റെ ധനശേഖരണാർത്ഥം ഏർപ്പെടുത്തിയ താരസംഗീത നിശയിൽ പങ്കെടുത്തു. സയേൺ സോമയ്യാ ഗൗണ്ടിൽ ഉച്ചതിരിഞ്ഞ് നടത്തിയ ഈ പരിപാടിയുടെ ടിക്കറ്റ് വില്പനയ്ക്കായി ഇടവകാംഗങ്ങളും പാരീഷ് കൗൺസിൽ അംഗങ്ങളും അഹോ രാത്രം പ്രയത്നിച്ചു.

വിശുദ്ധവാരത്തിന്റെ ആരംഭമായി, നമ്മിൽ നിന്നും വേർപിരിഞ്ഞ ആത്മാക്കൾക്കു വേണ്ടി ബഹുമാനപ്പെട്ട വികാരിയച്ചൻ ഫെബ്രുവരി 17-ാം തിയ്യതി വൈകിട്ട് 7.30ന് വിശുദ്ധബലിയും ഒപ്പീസും അർപ്പിച്ചു.

**സ്ഥാനാരോഹണം :** ഫെബ്രുവരി 18-ാം തിയ്യതി സീറോമലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് ബഹു. ജോർജ്ജ് ആലഞ്ചേരിപിതാവ്, ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പയിൽനിന്ന് കർദ്ദിനാൾ പദവി ഏറ്റ് വാങ്ങി. കർദ്ദിനാളാകുന്ന 11-ാംമത്തെ ഇന്ത്യൻ പൗരനും 4-ാംമത്തെ മലയാളിയുമായ പിതാവ് റോമിലെ വിശുദ്ധ ബർണാഡ് പള്ളിയുടെ സ്ഥാനീയ മെത്രാൻ പദവിക്കും അർഹനായി. പിതാവിന് ഇടവക യുടെ പേരിൽ ആശംസകൾ നേരുന്നു.

**തീർത്ഥാടനം** : ഫെബ്രുവരി 18-ാം തിയ്യതി ഇടവകയിൽ നിന്ന് 22 പേർ നാസിക്കിലെ ഉണ്ണിമിശിഹാ ദേവാലയത്തിലേക്ക് ഒരു തീർത്ഥാടനം നടത്തി.

ഫെബ്രുവരി 19-ാം തിയ്യതി രണ്ടാമത്തെ കുർബ്ബാനയ്ക്ക് ശേഷം മഹാകാളി സെൻറ് ജോസഫ് ഇടവകാംഗം മി. ബാബു പീറ്റർ നമ്മുടെ ദേവാലയത്തിൽ മാതാപിതാക്കൾക്ക് വേണ്ടി സന്ദേശാത്മകവും അറിവ് പകരുന്നതു മായ ഒരു ക്ലാസ് നൽകുകയുണ്ടായി.

**വിഭൂതി തിരുനാൾ:** ഫെബ്രുവരി 20-ാം തിയ്യതി തിങ്കളാഴ്ച വലിയ നോമ്പിൻെറ തുടക്കം കുറിച്ചുകൊണ്ട് വൈകിട്ട് 7.30ന് കല്യാൺ രൂപതാ ഫൈനാൻസ് കൺട്രോളർ റവ. ഫാ. പോൾ ഓലിക്കൽ വിശുദ്ധബലിയർപ്പിക്കുകയും തുട ർന്ന് വെഞ്ചിരിച്ച കരിക്കുറി അച്ചൻ എല്ലാവരുടെ നെറ്റിയിൽ പൂശുകയും ചെയ്തു.

ലിറ്റിൽ ഫ്ലവർ യൂണിറ്റിൻെറ അനുവൽ ഡെ ഫെബ്രുവരി 19-ാം തിയ്യതി വൈകിയിട്ട് അഞ്ച് മണി മുതൽ 9.30 വരെ വിവിധ കലാപരി പാടികളോടും സ്നേഹ വിരുന്നോടും കൂടി ആഘോഷിച്ചു.

ഫെബ്രുവരി 26-ാം തിയ്യതി സെൻറ് ജോസഫ് ചർച്ച്, പവായിൽ വെച്ച് വേദപാഠ അദ്ധ്യാപ കർക്ക് വേണ്ടി നടത്തിയ ബൈബിൾ ക്വിസ്, ടാബ്ളോ എന്നിവയിൽ നമ്മുടെ ദേവാലയ ത്തിലെ വേദപാഠ അദ്ധ്യാപകരും പങ്കെടുക്കുക യുണ്ടായി.

മാർച്ച് 16,17,18 എന്നീ തിയ്യതികളിൽ 5 മണിമുതൽ 10 മണിവരെ അന്ധേരി ഈസ്റ്റ് കാനോസ സ്കൂൾ ഓഡിറ്റോറിയത്തിൽവെച്ച് നടത്തിയ സോണൽ വാർഷിക ധ്യാനത്തിൽ നമ്മുടെ ഇടവകയിൽ നിന്ന് വളരെയധികം പേർ പങ്കെടുത്തു. ധ്യാനത്തോടനുബന്ധിച്ച് കുമ്പസാരത്തിനുള്ള സൗകര്യവും ഏർപ്പെടു ത്തിയിരുന്നു. മൂന്നു ദിവസവും ധ്യാനത്തിന് ശേഷം ഭക്ഷണം ഏർപ്പെടുത്തിയിരുന്നു. ഒരു ദിവസത്തെ ഭക്ഷണം ക്രിസ്തുരാജ് ചർച്ച് സ്പോൺസർ ചെയ്തു.

**വിശുദ്ധ യൗസേപ്പിതാവിൻെറ തിരുനാൾ** : വി. യൗസേപ്പിതാവിൻെറ തിരുനാൾ മാർച്ച് 22 മുതൽ 25 വരെ നമ്മുടെ ദേവാലയത്തിൽ ഭക്തി പൂർവ്വം ആഘോഷിച്ചു. 22-ാം തിയ്യതി മുതൽ 24-ാം തിയ്യതി വരെ വൈകിട്ട് 7.30ന് ദിവ്യ ബലിയും, വണക്കമാസ പ്രാർത്ഥനയും ഉണ്ടാ യിരുന്നു. ഫാ. സിബി താന്നിക്കൽ MCBS, ഫാ. ജോണി വട്ടമല SVD, ഫാ. പ്രിൻസ് പുത്തൻചിറ MCBS എന്നിവർ യഥാക്രമം 22-ാം തിയ്യതി മുതൽ 24-ാം തിയ്യതി വരെയുള്ള വിശുദ്ധ ബലിക്ക് നേതൃത്വം കൊടുത്തു. 25-ാം തിയ്യതി രാവിലെ 10.30ന് ആഘോഷമായ ദിവ്യബലിയിൽ ഫാ. ജോഷി കൂട്ടുങ്കൽ മുഖ്യ കാർമ്മികനായിരുന്നു. തുടർന്ന് പിതൃവേദി യുടെ നേതൃത്വത്തിൽ ഊട്ടു നേർച്ചയും ഉണ്ടായിരുന്നു.

മാർച്ച് 22-ാം തിയ്യതി ദിവ്യബലിക്ക് ശേഷം മഹാകാളി ഇടവകയിലെ റവ. ഫാ. സിബി താന്നിക്കൽ അച്ചൻെറ സ്ഥലമാററത്തോടനു ബന്ധിച്ച് അച്ചന് സ്നേഹ നിർഭരമായ ഒരു യാത്രയയപ്പ് നൽകുകയും ഇടവകയുടെ പേരിലും സംഘടനാതലത്തിലും അച്ചനെ ബൊക്കെ നല്കി ആദരിക്കുകയും ചെയ്തു.

മാർച്ച് 23-ാം തിയ്യതി മാതൃസംഘം അമ്മമാർ അന്ധേരി സോണിനു കീഴിലുള്ള ഏഴു പള്ളികളിൽ പോയി കുരിശിൻെറ വഴി ചൊല്ലി. രാവിലെ 8 മണിക്ക് എം. സി. ബി. എസ്.

ഹൗസിൽ നിന്ന് പുറപ്പെട്ട അമ്മമാർ വളരെ ഭക്ത്യാദരപൂർവ്വം ഈ പരിപാടിയിൽ പങ്കെടുത്തു.

**വിവാഹം:** ലിറ്റിൽഫ്ലവർ യൂണിറ്റംഗമായ ശ്രീമാൻ പി. എസ്. ഫ്രാൻസീസിൻെറയും ശ്രീമതി ലൈല ഫ്രാൻസീസിൻെറയും മകൾ സ്നേഹ 15-01-2012ന് വിവാഹിതയായി. സെൻറ് തോമസ് യൂണിറ്റംഗമായ ശ്രീമാൻ കെ. ഒ. തോമസിൻെറയും ശ്രീമതി റാണി തോമസ്സിൻെറയും മകൾ ടെൻസി 14-02-2012ന് വിവാഹിതയായി. ഇടവകയുടെ പേരിൽ രണ്ടുപേർക്കും ആശംസകൾ നേരുന്നു.

**ചരമം :** സെൻറ് ജോൺസ് യൂണിറ്റംഗമായ ശ്രീമാൻ പി. കെ. തോമസിൻെറയും ശ്രീമതി സിസിലി തോമസിൻെറയും മകൻ വിജേഷ് തോമസ് ജനുവരി 28ന് നിര്യതനായി.

ലിറ്റിൽ ഫ്ലവർ യൂണീറ്റംഗം ശ്രീമാൻ എൻ. എ. പൗലോസ് 08-03-2012ന് നിര്യതനായി. പരേതരുടെ ആത്മാക്കൾക്ക് നിത്യശാന്തി ലഭിക്കുവാൻ പ്രാർത്ഥിക്കാം.

**മീറ്റിംഗുകൾ**

ഫെബ്രുവരി 12-ാം തിയ്യതി യുവജനങ്ങളുടെ ഒരു എക്സിക്യൂട്ടീവ് മീറ്റിംഗും ഫെബ്രുവരി 16-ാം തിയ്യതി പിതൃവേദിയുടെ മീറ്റിംഗും, മാതൃസംഘത്തിൻെറ മീറ്റിംഗ് മാർച്ച് ആദ്യത്തെ വ്യാഴാഴ്ചയും നമ്മുടെ ദേവാലയത്തിൽവച്ച് കൂടുകയുണ്ടായി. യുവജനങ്ങളുടെ ഒരു ധ്യാനം മാർച്ച് 8-ാം തിയ്യതി 3 മണി മുതൽ 9 മണിവരെ കമ്മ്യൂണിറ്റി ഹാളിൽ നടത്തി. റവ. ഫാ. മാത്യു നിരപ്പേൽ SVD ക്ലാസ് എടുത്തു,

ഏവർക്കും ഓശാന ഞായറിൻെറയും ഉത്ഥാനത്തിരുനാളിൻെറയും മംഗളങ്ങൾ !

എന്ന് പള്ളി കമ്മറ്റിക്ക്വേണ്ടി,

ശ്രീമാൻ തോമസ് ആൻറണി,
ശ്രീമതി ആനി ഫ്രാൻസീസ്

## A Cheerful Mood

**Four waiting Fathers**

Four expectant fathers were in a Minnesota hospital waiting room while their wives were in labour.

The nurse comes in and tells the first man, "Congratulations, You're the father of twins."

"What a coincidence!" the man exclaims. "I work for the Minnesota Twins baseball team!"

The nurse returns a short while later and tells the second man, "Congratulations, You're the father of triples"

"Wow, what a coincidence!" he replies. "I work for 3M Corporation."

When the nurse comes again, she tells the third man that his wife has given birth to quadruplets.

"Another coincidence!" He tells her. "I work for the Four Seasons Hotel!"

At this point, the fourth person faints. When he comes to, the others ask him what was wrong.

He moans, "I work for Seven-Eleven"

**Rest in Peace**

A new business was opening and one of the owner's friends wanted to send him flowers for the occasion. They arrived at the new business site and the owner read the card, "Rest in Peace."

The owner's friend got angry and called the florist to complain.

After he had told the florist of the obvious mistake and how angry he was, the florist replied,

"Sir, I'm really sorry for the mistake, but rather than getting angry, you should imagine this, 'Somewhere there is a funeral taking place today and they have flowers with a note saying,

"Congratulations on your new location."

# യൂണിറ്റ് വാർത്തകൾ

## വിമലമാതാ യൂണിറ്റ്
(ഗാവ്ദേവി, മറോൾ മറോഷി റോഡ്)

വിമലമാതാ യൂണിറ്റിൻെറ കുടുംബ സമ്മേളനം നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി എന്നീ മാസങ്ങളിൽ മൂന്നാമത്തെ ബുധനാഴ്ച തെരേസാ സെബാസ്റ്റ്യൻ, മാഗി ഫെർണാണ്ടസ്, ബോബൻ ജേക്കബ്, കത്രീന ഡേവിസ് എന്നിവരുടെ ഭവനങ്ങളിൽ എട്ടരമണിക്ക് ബഹുമാനപ്പെട്ട ജെബിൻ അച്ഛൻെറ അദ്ധ്യക്ഷതയിൽ മുടങ്ങാതെ നടത്തി. മീറ്റിങ്ങ് സമയത്തിൽ അച്ചൻ തരുന്ന ഉപദേശങ്ങൾ ഓരോരുത്തർക്കും ജീവിതത്തിൽ വലിയ സന്ദേശമായി മാറുന്ന നിമിഷങ്ങൾ ഉണ്ടാവാറുണ്ട്. അതിന് ആദ്യമായി അച്ചന് നന്ദി പറയട്ടെ.

**പുൽക്കൂട് മത്സരം :** കുമാരി ശ്രദ്ധാ മംഗേഷ്, ശ്രീമതി ഷാലി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ യൂണിറ്റിലെ എല്ലാവരുടേയും സഹായ സഹകരണങ്ങളോടെ പുൽക്കൂടു മത്സരത്തിൽ പങ്കെടുക്കുകയും പ്രോത്സാഹന സമ്മാനം ലഭിക്കുകയുമുണ്ടായി.

**ക്രിസ്മസ് കരോൾ :** നമ്മുടെ ട്രസ്റ്റിമാരായ ശ്രീമാൻ തോമസ് ആൻറണിയുടെയും ശ്രീമതി ആനി ഫ്രാൻസീസിൻെറയും നേതൃത്വത്തിൽ മറ്റു പല യൂണിറ്റിലെ അംഗങ്ങളുടേയും സഹകരണത്തോടെ കരോൾ ഭംഗിയായി നടത്തുകയുണ്ടായി. ക്രിസ്മസ് പപ്പയായി വേഷമിട്ട മി. എം. ഓ. ജോയി, പ്രിൻസ് ബോബൻ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു. യൂണിറ്റിലെ എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു.

**സെൻറ് സെബാസ്റ്റ്യൻ ഫീസ്റ്റ്:** പെരുന്നാൾ കമ്മറ്റിയിലേക്ക് നമ്മുടെ യൂണിറ്റിൽ നിന്ന് 2 പേരെ നിയമിച്ചിരുന്നു. മി. ജോർജ്ജ് കല്ലൂക്കാരനെയും മി. എം. ഓ. ജോയിയെയും. മി. എം. ഓ. ജോയി പെരുനാൾ കമ്മറ്റിയുടെ ചെയർമാനായിരുന്നു.14-ാം തിയ്യതി എല്ലാവരുടെയും വീടുകളിലേക്ക് അമ്പ് എഴുന്നള്ളിച്ച് കൊണ്ടുപോയിരുന്നു. 10 മണിയോടെ ബോബൻ ജേക്കബിൻെറ വീട്ടിൽ സമാപിച്ചു. അതിനു വിമലമാതായൂണിറ്റിലെ എല്ലാവരും തന്നെ വളരെ ഭക്തിയോടെ സഹകരിച്ചു.

യൂത്ത് മെമ്പേഴ്സ് ആയ പ്രിൻസ്, ബോബൻ, ജിൻസി ജോയി, ജിൻസി ജോർജ്ജ് എന്നിവർ പള്ളിയിലെ അലങ്കാരങ്ങൾക്ക് എറെ സഹായിച്ചിരുന്നു. പെരുന്നാൾ നടത്തുവാനും ഈ യൂണിറ്റിൽ നിന്ന് രണ്ടു പേർ(എ. ഐ. സെബാസ്റ്റ്യൻ, ബോബൻ ജേക്കബ്) ഉണ്ടായിരുന്നു. കൂടാതെ യൂണിറ്റിലെ പലരും പള്ളിയിൽ ഓരോ പ്രവർത്തനങ്ങളിൽ സഹായിച്ചവരായുണ്ട്. എല്ലാവരോടും യൂണിറ്റിൻെറ പേരിൽ നന്ദി പറയുന്നു.

വിമലമാതായുണിറ്റിലെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തികൊണ്ട് 50-ാം വിവാഹ വാർഷികം ആഘോഷിക്കാൻ നാട്ടിൽ നിന്ന് വന്ന എം. എൽ. ജേക്കബിനെയും കുടുംബത്തേയും ഈ നിമിഷം നന്ദിയോടെ ഓർക്കുന്നു. ഇങ്ങനെ യൂണിറ്റിനോട് കാണിച്ച സ്നേഹവും ഐക്യത്തോടുമൊപ്പം ഞങ്ങൾ ഓരോരുത്തരും ഈ കുടുംബത്തോടും നന്ദി പറയുന്നു. അവർക്ക് ഇനിയും ജഗദീശ്വരൻ കൂടുതൽ ആയുസ്സും ആരോഗ്യവും പ്രദാനം ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒരിക്കൽകൂടി ഈ കുടുംബത്തിന് അഭിനന്ദനത്തിൻെറ പൂച്ചെണ്ടുകൾ അർപ്പിച്ചു കൊള്ളട്ടെ.

**ആദരാഞ്ജലികൾ:** സെൻറ് ജോൺ യൂണിറ്റിലെ ശ്രീമാൻ വിജേഷ് തോമസിൻെറ വിയോഗം ഇടവക ജനത്തെയും അച്ചന്മാരെയും മൊത്തം ദുഃഖത്തിലാഴ്ത്തിയ മറക്കാനാവാത്ത ഒരു സംഭവമായിരുന്നു. ഈ മാസത്തിൽ ലിറ്റിൽ ഫ്ലവർ യൂണിറ്റിലെ ശ്രീമാൻ എൻ. എ. പൗലോസിൻെറയും വിയോഗം വേദനയോടെ ഓർക്കുന്നു. ഇവരുടെ രണ്ടുപേരുടെയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു. അവരുടെ കുടുംബാംഗങ്ങങ്ങൾക്കുവേണ്ടിയും നമുക്ക് ഈശോയോട് പ്രാർത്ഥിക്കാം. വിമലമാതാ യൂണിറ്റിലെ എല്ലാവരും തന്നെ ശവസംസ്ക്കാര ചടങ്ങുകളിൽ പങ്കെടുത്തിരുന്നു. പങ്കെടുത്ത

എല്ലാവരെയും നന്ദിയോടെ ഓർമ്മിക്കുന്നു.

നമ്മുടെ എല്ലാകാര്യങ്ങൾക്കും ഓടിയെത്തുന്ന, നമ്മുടെ ആവശ്യങ്ങൾ നടത്തി തരുന്ന നല്ല ഉപദേശങ്ങളിലൂടെ വഴി നടത്തുന്ന ഇടയനായ ജെബിനച്ചന് ഇനിയും കൂടുതൽ ദൈവകൃപയും അനുഗ്രഹങ്ങളും നൽകണമെയെന്ന് പ്രാർത്ഥിക്കുന്നു. യൂണിറ്റിലെ എല്ലാവരുടെയും പ്രാർത്ഥനയും നേരുന്നു.

എന്ന് വിമലമാതാ യൂണിറ്റിനുവേണ്ടി,
സെക്രട്ടറി, **ഗ്രേസി ജോയി**

## ലിറ്റിൽ ഫ്ലവർ യൂണിറ്റ്
(ബ്ലോസം, മിലട്ടറി റോഡ്, അശോക് നഗർ)

ലിറ്റിൽ ഫ്ലവർ യൂണിറ്റിൻെറ കുടുംബ പ്രാർത്ഥന എല്ലാ മാസവും 3-മത്തെ ശനിയാഴ്ച നടത്തിവരുന്നു. ഡിസംബർ മാസത്തെ പ്രാർത്ഥന. മി. പി. എസ്. ഫ്രാൻസീസിൻെറ വസതിയിലും ജനുവരി മാസത്തെ പ്രാർത്ഥന മി. ബിനു വർഗ്ഗീസിൻെറ വസതിയിലും വച്ചു നടത്തി. മാർച്ച് മാസത്തെ പ്രാർത്ഥന മി. ജോയിയുടെ വസതിയിലും നടത്താൻ തീരുമാനിച്ചു.

ഡിസംബർ 21,22 തീയ്യതികളിൽ യൂണിറ്റ് കരോൾ നടത്തുകയുണ്ടായി. സാന്താക്ലോസ് ആയത് മി. ബിനുവും മി. ജോളിയും ആയിരുന്നു. കരോളിൽ യൂണിറ്റിലെ എല്ലാവരും സംബന്ധിച്ചു.

ജനുവരി 14, 15 തിയ്യതികളിൽ നടന്ന സെൻറ് സെബാസ്റ്റ്യൻ ഫീസ്റ്റിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുക്കുകയും അനുഗ്രഹങ്ങൾ നേടകുയും ചെയ്തു. പ്രസുദേന്തിമാരായി യൂണിറ്റിൽ നിന്നും ഏതാനും അംഗങ്ങൾ ഉണ്ടായിരുന്നു. 14നു വൈകിട്ടു വീടുകൾ തോറും ഉള്ള അമ്പ് എഴുന്നള്ളിയ്ക്കലിൽ യൂണിറ്റിലെ എല്ലാവരും ഒന്നു ചേർന്ന് പങ്കെടുത്തു.

ഫെബ്രുവരി 19ന് യൂണിറ്റ് വാർഷികം പള്ളിയിൽ വച്ചു നടത്തപ്പെട്ടു. 19ന് രാവിലെ 9 മണിയ്ക്ക് വിശുദ്ധ കുർബ്ബാനയോടുകൂടി വാർഷികം ആരംഭിച്ചു. ബഹു. ജെബിൻ അച്ചനാണ് കുർബ്ബാന അർപ്പിച്ചത്. കുർബ്ബാനയ്ക്കു ശേഷം എല്ലാവർക്കും സ്വീറ്റ്സ് വിതരണം ചെയ്തു. 7 മണിക്ക് പള്ളിയുടെ ഹാളിൽവച്ച് നടന്ന മീറ്റിങ്ങിനുശേഷം യൂത്ത് സംഘടിപ്പിച്ച ടെലിഗയ്മും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

നവംബറിൽ നടന്ന കരിഗ്മ ബൈബിൾ ക്വിസ് മത്സരത്തിൽ യൂണിറ്റിലെ മിസ്സിസ് റോസി പൗലോസ് ഇടവകയിൽ നിന്നും ഒന്നാം സ്ഥാനം നേടി.

ഈ യൂണിറ്റംഗമായിരുന്നു മി. പൗലോസ് എൻ. എ. മാർച്ച് 8ന് നിര്യാതനായി. ശവസംസ്ക്കാരം വൈകിട്ട് 6 മണിക്ക് സെൻറ് ജോൺ ദേവാലയ സിമിത്തേരിയിൽ നടന്നു.

ഈ യൂണിറ്റിലെ മി. ജോയിയുടെ വത്സല മാതാവ് നിര്യാതയായി ശവസംസ്ക്കാരം നാട്ടിൽ നടത്തപ്പെട്ടു.

എന്ന് യൂണിറ്റ് സെക്രട്ടറി
**പൗളി ജേക്കബ്**

## ക്രിസ്തുരാജ് യൂണിറ്റ്
(ഭണ്ഡാർവാഡ)

ക്രിസ്തുരാജ് യൂണിറ്റിൻെറ കുടുംബപ്രാർത്ഥനകൾ ജനുവരി മാസത്തിൽ മി. ഫ്രാൻസീസിൻെറ ഭവനത്തിലും ഫെബ്രുവരി മാസത്തിൽ മിസ്സിസ് ഗ്രേസി സ്കറിയയുടെ ഭവനത്തിലും യാഥാസമയം നടക്കുകയുണ്ടായി. പ്രാർത്ഥനകൾ ജെബിനച്ചൻെറ നേതൃത്വത്തിൽ നടന്നു. എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു.

ജനുവരി 14, 15 തീയ്യതികളിൽ നടത്തിയ വി. സെബസ്ത്യാനോസിൻെറ തിരുനാളിലെ ദിവ്യബലിയിലും പ്രദിക്ഷണത്തിലും മറ്റു ആഘോഷ പരിപാടികളിലും ഈ യൂണിറ്റിലെ എല്ലാ അംഗങ്ങളും വളരെ ഭക്ത്യാദരപൂർവ്വം പങ്കെടുത്തു.

സെൻറ് ജോൺ യൂണിറ്റിലെ അംഗമായിരുന്ന വിജേഷ് തോമസിൻെറ ആകസ്മിക മരണം എല്ലാവരെയും വളരെ ദുഃഖത്തിലാഴ്ത്തി. ഈ യൂണിറ്റിലെ എല്ലാ അംഗങ്ങളും പരതേൻെറ ഭവനത്തിൽ പോയി ദുഃഖിതരായ മാതാപിതാക്കളെ സാന്ത്വനപ്പെടുത്തുകയും ശവ

സംസ്ക്കാര ചടങ്ങിൽ പങ്കുചേർന്ന് പരേതൻെറ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

യൂണിറ്റിനുവേണ്ടി,
സെക്രട്ടറി, **ഗ്രേസി സ്കറിയ**

### സെൻറ് ജോർജ്ജ് യൂണിറ്റ്
(ജെ. ബി. നഗർ, പൈപ്പ് ലൈൻ)

സെൻറ് ജോർജ്ജ് യൂണിറ്റിൻെറ കുടുംബ പ്രാർത്ഥന എല്ലാമാസവും രണ്ടാമത്തെ ബുധനാഴ്ച ജെബിനച്ചൻെറ നേതൃത്വത്തിൽ നടത്തിവരുന്നു.

കഴിഞ്ഞ മാസങ്ങളിലെ പ്രാർത്ഥന യാഥാക്രമം കുഞ്ഞുമോൻ, എ. വി. പീറ്റർ, എന്നിവരുടെ വസതിയിൽ നടന്നു. അടുത്ത പ്രാർത്ഥന ആൻസിയുടെ വസതിയിൽ നടത്താൻ തീരുമാനിച്ചു.

ക്രിസ്തുമസ്സിനോടനുബന്ധിച്ചു നടന്ന കരോളിൽ ഈ യൂണിറ്റിലെ എല്ലാവരും പങ്കെടുത്തു. ഈ വർഷത്തെ വിശുദ്ധ സെബസ്ത്യാനോസിൻെറ തിരുനാളിനോട നുബന്ധിച്ചു നടത്തിയ തിരുനാൾ കുർബ്ബാന യിലും അമ്പു നേർച്ചയിലും, പ്രദക്ഷിണത്തിലും യൂണിറ്റിലെ എല്ലാവരും പങ്കെടുക്കുകയും, അനുഗ്രഹം പ്രാപിക്കുകയും ചെയ്തു.

യൂണിറ്റിലെ ഈ വർഷത്തെ വിടുവെഞ്ചിരിപ്പ് എല്ലാ വീടുകളിലും ജെബിനച്ചൻ നടത്തുകയും ചെയ്തു.

സെൻറ് ജോർജ്ജ് യൂണിറ്റിനുവേണ്ടി,
സെക്രട്ടറി, **പി. ഡി. ജോർജ്ജ്**

### സെൻറ് മേരീസ് യൂണിറ്റ്
(മിലട്ടറി റോഡ്, ബാമൻ ദയാപാഡ)

സെൻറ് മേരീസ് യൂണിറ്റിൻെറ കുടുംബ സമ്മേളനം എല്ലാ മാസവും അവസാനത്തെ ശനിയാഴ്ച ബഹു. വികാരിയച്ചൻെറ നേതൃത്വ ത്തിൽ നടത്തപ്പെടുന്നു. എല്ലാ കുടുംബത്തിലെ അംഗങ്ങളും യോഗത്തിൽ സജീവമായി പങ്കെടുക്കുന്നു.

ക്രിസ്തുമസ് കരോൾ വളരെ ഭംഗിയായി എല്ലാവരും ഒത്തൊരുമിച്ച് നടത്തുകയുണ്ടായി. സാന്താക്ലോസ് ആയ മാസ്റ്റർ ഡൽവിൻ, റയൻ എന്നിവരേയും അഭിനന്ദിക്കുന്നു.

സെൻറ് സെബാസ്റ്റ്യൻ ഫീസ്റ്റിന് എല്ലാ കുടുംബങ്ങളും ഭക്തിപൂർവ്വം പങ്കെടുത്തു. ജനുവരി 26ന് കല്യാണിലെ ഓൾഡ് എയ്ജ് ഹോം സന്ദർശനത്തിന് യൂണിറ്റിൽ നിന്നും 6 കുടുംബങ്ങളിലെ അംഗങ്ങൾ പങ്കെടുത്തു.

ഫെബ്രുവരി മാസത്തിൽ കുർബ്ബാന മദ്ധ്യേയുള്ള ബൈബിൾ റീഡിങ്ങിൽ എല്ലാ കുടുംബങ്ങളും സജീവമായി പങ്കെടുത്തു. ഫെബ്രുവരി 15ന് നാസിക്കിലേക്ക് പോയ തീർത്ഥാടന യാത്ര യിൽ നമ്മുടെ യൂണിറ്റിൽ നിന്നും പല കുടുംബ ങ്ങളും പങ്കെടുത്തു.

എന്ന് സെക്രട്ടറി
**മിനി ജോർജ്ജ്**

### സെൻറ് ജോൺ യൂണിറ്റ്
(ചർച്ച് റോഡ്)

സെൻറ്ജോൺ യൂണിറ്റിൻെറ കുടുംബ പ്രാർത്ഥന എല്ലാ മാസവും ബഹു. ജെബിനച്ചൻെറ സാന്നിദ്ധ്യത്തിൽ നടത്തിവരുന്നു. യൂണിറ്റ് അംഗങ്ങൾ എല്ലാവരും പ്രാർത്ഥനയിൽ പങ്കെടു ത്തുവരുന്നു. ജനുവരി മാസത്തിൽ കുടുംബ യോഗം ലിജു പൗലോസിൻെറ വസതിയിൽ നടത്തപ്പെട്ടു. യൂണിറ്റിലെ ക്രിസ്മസ് കരോൾ എല്ലാ വർഷത്തിലും ഭംഗിയായി ഈ വർഷം നടത്താൻ സാധിച്ചു. യൂണിറ്റിലെ എല്ലാ അംഗ ങ്ങളുടെയും സഹകരണം ഉണ്ടായിരുന്നു. വിശുദ്ധ സെബസ്ത്യാനോസിൻെറ പെരുനാ ളിൻെറ ഭാഗമായി യൂണിറ്റ് അംഗങ്ങളെല്ലാവരും ചേർന്ന് അമ്പ് വീടുകളിൽ കൊണ്ടുവരികയും ഭക്തി നിർഭരമായ പ്രാർത്ഥന നടത്തുകയും ചെയ്തു. പെരുനാൾ നടത്താൻ പ്രസുദേന്തി മാരായി യൂണിറ്റിൽ നിന്നും മി. ജോയി തോമസ്, മി. ദേവസി പോൾ പങ്കു ചേർന്നു. ഇവരെ സ്നേഹത്തോടെ ഓർക്കുന്നു.

**വേദനയുടെ ഒരു ദിനം:** ജനുവരി 28-ാം തിയ്യതി ഞങ്ങളുടെ കൂട്ടായ്മ അംഗമായ വിജേഷ് തോമസിൻെറ മരണം അവരുടെ കുടുംബത്തെ എന്നപോലെ യൂണിറ്റിനെ മുഴുവൻ ദുഃഖത്തി ലാഴ്ത്തി. മൃതസംസ്ക്കാര ചടങ്ങിൽ നമ്മുടെ യുണിറ്റിൽ നിന്നും എല്ലാവരും സംബന്ധിച്ചു. യൂണിറ്റ് പ്രസിഡണ്ട് മി. ദേവസി പോൾ റീത്തു

സമർപ്പിച്ച് ആദരാഞ്ജലികൾ അർപ്പിക്കുകയും വിജേഷിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു. വിജേഷിന്റെ 5-ാം ചരമ ദിനത്തിൽ കർമ്മങ്ങൾ ക്രിസ്തുരാജ് പള്ളിയിൽ ജെബിനച്ചന്റെ സാന്നിദ്ധ്യത്തിൽ ദിവ്യബലിയോടുകൂടി ആചരിച്ചു. യൂണിറ്റിലെ അംഗങ്ങളും ഇടവകയിലെ അംഗങ്ങളും വിജേഷിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

യൂണിറ്റിനു വേണ്ടി,
**ലിറ്റി നിക്സൺ**

## സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
(കോൺഡിവിറ്റ, എം. ഐ. ഡി. സി.)

സെന്റ് സെബാസ്റ്റ്യൻ യൂണിറ്റിന്റെ പ്രാർത്ഥനാ സമ്മേളനം എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ചകളിൽ ജെബിനച്ചന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. അതിൽ യൂണിറ്റിലെ മിക്ക കുടുംബങ്ങളും പങ്കെടുത്തു വരുന്നു. ഫെബ്രുവരി മാസത്തിലെ കുടുംബ പ്രാർത്ഥന മി. ജോൺസൻ അബ്രാഹത്തിന്റെ വീട്ടിൽവെച്ച് നടത്തി. മാർച്ചിലെ കുടുംബ പ്രാർത്ഥന നമ്മുടെ യൂണിറ്റിൽ പുതുതായി വന്ന മേജോ ജോൺസന്റെ വസതിയിൽവെച്ച് നടത്തുകയുണ്ടായി.

യൂണിറ്റിന്റെ മദ്ധ്യസ്ഥനായ വി. സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി 14, 15ന് നമ്മുടെ ദേവാലയത്തിൽ ആഘോഷപൂർവ്വം കൊണ്ടാടി. 14ന് തിരുനാൾ കൊടിയേറി. അതിനുശേഷം നടന്ന വി. കുർബ്ബാനയിൽ പങ്കെടുത്തശേഷം അമ്പുമായി യൂണിറ്റിലെ എല്ലാ കുടുംബങ്ങളിലും കൊണ്ടുപോയി പ്രാർത്ഥനകൾ അർപ്പിച്ചു. അതിൽ എല്ലാ യൂണിറ്റംഗങ്ങളും പങ്കെടുക്കു കയും ചെയ്തു. 15ന് നടന്ന തിരുനാൾ കുർബ്ബാനയിലും അതോടൊപ്പം നടത്തിയ പ്രദക്ഷിണത്തിലും എല്ലാവരും പങ്കെടുത്ത് യൂണിറ്റ് മദ്ധ്യസ്ഥനും കൂടിയായ വിശുദ്ധന്റെ അനുഗ്രഹം പ്രാപിച്ചു.

എന്ന് യൂണിറ്റിനുവേണ്ടി,
മോളി ജോൺസൻ

## St. Thomas Unit
(Bhawani Nagar)

The first family prayer meeting of 2012 was held in the house of Mr. Baby T. M. on 23/1/2012. It was presided by our parish priest Fr. Jebin. After the Bible reading he reminded everybody about their new year resolutions. He talked about the family prayer through his words "the family prays together stays together. On 26th January 2012, Marol parish celebrated 'Mathru Dinam' in which all mothers of our unit participated. Our unit member Mrs. Reetha John won a prize in the game section. Hearty congratulations to her. The Kudumbha Yogam for the month of February was held on 11/2/2012 at 8 p.m. in Antroson's house. All unit members prayed together in the absence of our parish priest. The daughter of our parish choir master Tency Thomas got married on 14th February, Valentine's Day. All unit members attended the wedding reception and wished the newly married couple. Children from our unit attended the mass and special prayers by our parish priest for the children of X and XII std. May God be with them always. Since it is Lent season, all unit members are preparing their body and soul for coming Easter through prayer and good deeds. May the blessing of our Lord be with you all.

**Sonia Ouseph** (Secretary)

## St. Paul Unit
**(Chimat Pada)**

In the month of December, we celebrated the birth of Jesus Christ. Our unit participated in the crib making competition which was held on 18th of December. We also had our unit carol on 20th of December. Thanks to the choir members, who made it a success. All the unit members actively participated in the carol.

In the month of January, the prayer meeting was held at Mr. K.G.Biju's residence. It was held in the presence of our parish priest Fr. Jebin.We also celebrated St. Sebastian's feast in that month.The youths from our unit actively participated in the decorations. In the month of February, the prayer meeting was held at Mr.G. V. Jose's residence and presence of Fr. Jebin made the prayers more powerful.

Secretary, **Miss. Mereena Jose.**

# The Bible –The Greatest Book Ever Written

There is no book like the Bible that has influenced mankind, its life and history so profoundly. We have experienced day and night, time in and time out how the unlimited kindness of God, man's unshakable faith in Him, and His extraordinary love - all this shaping and holding, and embracing in his unique divine dispensation. What is unveiled in it is the beauty of freedom, peace and prosperity which are obtained by man in his willing submission to the divine will and plans. This is the greatest story ever told.

But The Bible is not just one big book, but indeed a collection of 73 smaller books written over a period of at least 1600 years by about 40 different authors. Every thing they wrote was inspired by God. They are cohesive and superbly interconnected.

**The Place of Bible Among Men**

It will be highly edifying and enlightening to see here how some great people of the world have valued and received it.

Abraham Lincoln wrote that the Bible is the best gift God has ever given to man. All the good from the Savior of the world is communicated to us through this book. Another great ruler, George Washington said, "It is impossible to rightly govern the world without God and the Bible.

This is what the great philosopher Immanuel Kant had to say: "The existence of the Bible, as a book for the people, is the greatest benefit which human race has ever experienced. Every attempt to belittle it is a crime against humanity." In 1839, Alexander Campbell, a great religious thinker wrote, "The Bible is to the intellectual and moral world of man what the sun is to the planets in our system – the fountain and source of light and life, spiritual and eternal. The Bible, or the Old and New Testaments, contains a full and perfect revelation of God and his will, adapted to man as he now is. It speaks of man as he was, and also as he will hereafter be...."

**The Bible and Its Accuracy**

Many of the scientific and cosmological discoveries and understandings which were made in the last few centuries had already been referred to and treated in the Bible thousands of years ago! Like when Moses said," Then God made two great lights: the greater light to rule the day and the lesser light to rule the night (Gen.1:16). Or as Isaiah told," It is He who sits above the circle of the earth and its inhabitants are like the grasshoppers" (Isaiah 40:22).

**The Contents**

The Bible is the inspired word of God, message given by God for man's salvation. The Bible is presented in 2 parts, the Old Testament, the genesis and the history of Israeli people originating from Abraham and The New Testament, Jesus' life and death, his glorification – all these and the continuing history of the Church, the New Israeli people. This is the story of the Bible, the account of man's salvation made possible by the Messiah. This is what St. John says: he has written the gospel for you (us) to believe that Christ is the son of God, and by believing that you get eternal life in his name and this is the sole purpose of the whole scripture. God's words are life-giving. They give light for man's feet, and guidance for his path. Those who travel the road shown by God and live by his teaching is on the road to eternal life. Here today I have placed life, goodness, death and evil before you (Deut. 30:15). So nobody can avoid a choice. God's word is active and life-giving. It is sharper than a double-edged sword. It will penetrate your consciousness, energize all the joints even to the very marrow, and will dissect the promptings and inclinations of your heart and soul (Hebrews, 4,12) .These are the doors of your happiness on this

earth and the reward of heaven in the next.

**The Benefits of Reading the Bible**

God out of his infinite wisdom created the universe, controls, and nurtures it. A wise man is the one who discovers the indwelling meaning manifest in the creation and patterns his life according to this divine plan. A person not caring this and being subservient to evil ways is a foolish man. A wise man's path leads him to prosperity and salvation, but a foolish fellow will be meted out misery and torture. You can also call a just man a devotee. A fool is a bundle of all evils and immorality. Belief in God and having a moral sense are the foundation of proper human relationships. One's own conscience and his relationships with outside world are controlled by values generated from these virtues.

How the Reading of Bible Can Help Us Now? Reading and studying the Bible can help us in many areas of our present life. Here are some immediate benefits. First it will help us become a better Christian. Second it will teach us about God and his will. It will even give directions out of all our complex modern problems. Read the Proverbs and you will find it valid all through 3000 years and more. Also the Bible is the ultimate consolation and succor. The Psalms are a favorite of all sorts of troubled souls for ready help and soothing.

**Guide and Counsel**

So, the scriptures are the means of our instruction, rebuking us when required, correcting and rendering us moral and just relationships. By these a faithful person will receive fullness of life and will be enabled to do all good works. The call to this fullness and goodness is the be all and end all of our life reflected in the Bible. This is the covenant for a life of abundance and opens the door of happiness on this earth and reward of heaven in the next.

**-Varkey Kunjaparambil**

# A MOTHER

On the 26th of January, Mathrusangham celebrated Mother's day. Here is an article by a grandmother, who narrates her feelings about her own mother….

At the age of 4 this grandmother thought her Mom knows everything!

When she was 12 years old, she thought Mom really doesn't know everything!

At the age of 14 years this grandmother was a typical teen; she thought Mom knows nothing!

When she was 16 years she felt her Mom was outdated!

At 25 years after she married she realized maybe Mom knows better!

At the age of 35, as a mother of her own three children she used to think, before taking a decision let me ask Mom!

At 45 she used to wonder what her Mom would do in this situation!

Now, at the age of 75... she wishes, that her Mom was here, to ask her … for her advice!

Our mothers are a treasure house of unconditional love. They may not be very educated, but they help their children through school, college and the hurdles of life. They may not be modern, but they know the world better!

It's never too late to give your mother a big hug and tell her, "I am here because of you, I love you!!"

# നാം ഓശാന പാടുമ്പോൾ

റോമാ സാമ്രാജ്യത്തിലെ ആദ്യത്തെ ക്രൈസ്തവ ചക്രവർത്തിയായിരുന്നു കോൺസ്റ്റന്റൈൻ. അദ്ദേഹത്തിന്റെ പിതാവായിരുന്ന കോൺസ്റ്റൻസിയൂസിനെക്കുറിച്ച് ഒരു കഥയുണ്ട്.

അക്രൈസ്തവനായിരുന്നു കോൺസ്റ്റൻസിയൂസ് എന്നു മാത്രമല്ല, ക്രൈസ്തവരോട് അദ്ദേഹത്തിന് അല്പംപോലും താല്പര്യവുമില്ലായിരുന്നു. അദ്ദേഹം ചക്രവർത്തിയായി സ്ഥാനമേറ്റെടുക്കുമ്പോൾ കൊട്ടാരത്തിലെ പ്രധാന സ്ഥാനങ്ങൾ വഹിച്ചിരുന്നവരിൽ പലരും രഹസ്യമായി ക്രൈസ്തവ ജീവിതം നയിക്കുന്നവരായിരുന്നു.

ഇക്കാര്യം അറിയാനിടയായ ചക്രവർത്തി തന്റെ ഉദ്യോഗസ്ഥന്മാരെ വിളിച്ചു പറഞ്ഞു: ‘‘ഒന്നുകിൽ യേശുവിനെ ഉപേക്ഷിക്കുക. അല്ലെങ്കിൽ നിങ്ങളുടെ ജോലി ഉപേക്ഷിക്കുക.’’

യേശുവിൽ വിശ്വസിച്ചിരുന്ന അവരിലേറിയ പങ്കും തങ്ങളുടെ ജോലി ഉപേക്ഷിക്കാൻ തയ്യാറായികൊണ്ട് യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിച്ചു. എന്നാൽ അവരിൽ ചുരുക്കം ചിലരാകട്ടെ, യേശുവിലുള്ള തങ്ങളുടെ വിശ്വാസം തള്ളിപ്പറഞ്ഞ് തങ്ങളുടെ ജോലി ഉറപ്പുവരുത്തുന്നതിനു ശ്രമിച്ചു.

പക്ഷേ, അപ്പോഴേക്കും ചക്രവർത്തി തന്റെ നിലപാടുമാറ്റി. തങ്ങളുടെ ജോലി നഷ്ടപ്പെടുമെന്നറിഞ്ഞിട്ടും യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കാൻ തയ്യാറായ അളുകൾക്കു ചക്രവർത്തി അവരുടെ ജോലി തിരികെ നൽകി. എന്നാൽ, യേശുവിനെ തള്ളിപ്പറഞ്ഞ് ജോലി ഉറപ്പുവരുത്താൻ തയ്യാറായവരെ ചക്രവർത്തി ജോലിയിൽ നിന്നു പിരിച്ചുവിട്ടു.

അത്തരക്കാരെ പിരിച്ചുവിട്ടപ്പോൾ ചക്രവർത്തി അവരോടു പറഞ്ഞ ന്യായം ഇതായിരുന്നു: ‘‘യേശുവിൽ വിശ്വസിക്കുന്നവരായ നിങ്ങൾക്കു യേശുവിനോടു വിശ്വസ്തതയില്ലെങ്കിൽ നിങ്ങൾക്കെന്നോടും വിശ്വസ്തത യുണ്ടാവില്ല’’.

യേശുവിന്റെ സഹന മരണ ഉത്ഥാനങ്ങൾ അനുസ്മരിക്കുന്ന വലിയയാഴ്ചയിലേക്കു കടക്കുമ്പോൾ യേശുവിനോടുള്ള വിശ്വസ്തതാ പ്രഖ്യാപനത്തിന് ഏറെ അർത്ഥമുണ്ട്. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് യേശു ജറുസലേം നഗരവീഥികളിലേക്കു കടന്നു ചെന്നപ്പോൾ ജനക്കൂട്ടം ഓശാന വിളികളുമായി അവിടുത്തെ ആഘോഷപൂർവ്വം എതിരേറ്റു. എന്നാൽ, യേശുവിനോടുള്ള അവരുടെ കൂറും സ്നേഹവും അധികസമയം നീണ്ടുനിന്നില്ല. അന്നു ജറുസലേം നഗരവീഥികളിൽ യേശുവിന് ഓശാന പാടിയവരിൽ ഏറിയപങ്കും ഏതാനും ദിവസങ്ങൾക്കുള്ളിൽ അവിടുത്തെ തള്ളിപ്പറയുകയാണു ചെയ്തത്. എന്നുമാത്രമല്ല, അവരിൽ പലരും യേശുവിന്റെ രക്തം ചിന്തുന്നതിൽ ഭാഗഭാക്കുകളാവുകയും ചെയ്തു.

അതായത്, അന്ന് യേശുവിന് ഓശാന പാടിയവരിലധികം പേർക്കും യേശുവിനോട് ആത്മാർത്ഥമായ സ്നേഹമോ വിശ്വസ്തതയോ ഇല്ലായിരുന്നു. തന്മൂലമാണ്, ദിവസങ്ങൾക്കുള്ളിൽ അവർ യേശുവിനെ തള്ളിപ്പറയാനിടയായത്.

യേശുവിന് ഓശാനപാടുന്നവരായ നമുക്ക് അവിടുത്തോടുള്ള വിശ്വസ്തതയെയും സ്നേഹത്തെയും കുറിച്ച് ഒരിക്കലും സംശയമുണ്ടായിരിക്കില്ല. എന്നാൽ, നമ്മുടെ അനുദിന ജീവിതത്തിൽ നാം യേശുവിനെയും അവിടുത്തെ വചനങ്ങളെയും പലപ്പോഴും തള്ളിപ്പറയാറില്ലേ എന്നു നാം ആലോചിക്കേണ്ടിയിരിക്കുന്നു.

രാജകൊട്ടാരത്തിലെ ജോലി പോകുമെന്ന കാര്യം വന്നപ്പോൾ കോൺസ്റ്റൻസിയൂസ് ചക്രവർത്തിയുടെ ജീവനക്കാരിൽ ചിലർ യേശുവിനെ തള്ളിപ്പറയാൻ തുനിയുകയു

ണ്ടായി. ഇതുപോലെ, നമ്മുടെ ജീവിതത്തിലെ ഓരോരോ കാര്യലാഭത്തിനുവേണ്ടി നാം യേശുവിനെയും, അവിടുത്തെ പ്രബോധനങ്ങളും വിസ്മരിക്കാറില്ലേ? അതുപോലെ തന്നെ, യേശുവിനെ പിന്തുരടുന്നതുവഴി നമുക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളും ക്ലേശങ്ങളും സാധിക്കുന്നിടത്തോളം ഒഴിവാക്കാൻ നാം ശ്രമിക്കാറില്ലേ? അതായത്, യേശുവിലുള്ള വിശ്വാസംവഴി അവിടുത്തെ മഹത്ത്വത്തിൽ എങ്ങനെ പങ്കുപറ്റാമെന്നാണ് നമ്മുടെ ആലോചന. അതുപോലെ, എങ്ങനെ അവിടുത്തെ സഹനത്തിൽ പങ്കു പറ്റാതെ മാറിനില്ക്കാമെന്നാണ് നമ്മുടെ ചിന്ത.

എന്നാൽ, നാം മറന്നുപോകരുതാത്ത ഒരു സത്യമുണ്ട്. അതായത്, യേശുവിൻെറ സഹനത്തിൽ പങ്കുപറ്റാതെ അവിടുത്തെ ഉത്ഥാനത്തിലും അവിടുത്തെ നിത്യമഹത്ത്വത്തിലും നമുക്കു പങ്കുപറ്റാനാവില്ല. സെൻറ് പോൾ പഠിപ്പിക്കുന്നതുപോലെ, യേശുവിനോടുകൂടി മരിക്കുന്നവർക്കേ അവിടുത്തോടുകൂടി മഹത്വത്തിലേയ്ക്ക് ഉയിർത്തെഴുന്നേല്ക്കാനാവൂ.

യേശുവിനോടുള്ള വിശ്വസ്തതയെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും നമുക്കു ചിന്തിക്കാം. അതുപോലെ നമ്മുടെ അനുദിന ജീവിതത്തിൽ നാം എന്തെങ്കിലും കാരണത്താൽ അവിടുത്തെ തള്ളിപ്പറയാറുണ്ടോ എന്നും നമുക്ക് ആത്മ പരിശോധന ചെയ്യാം.

യേശുവിന് ഓശാനപാടിയവരിലൊരാളായ യൂദാസ് വെറും മുപ്പതു വെള്ളിക്കാശിനാണ് അവിടുത്തെ ഒറ്റിക്കൊടുത്തതെങ്കിൽ ഒരു പക്ഷേ, അതിലും നിസാര ലാഭത്തിനുവേണ്ടി നാം നമ്മുടെ അനുദിന ജീവിതത്തിൽ യേശുവിനെ തള്ളിപ്പറഞ്ഞെന്നുവരാം. അങ്ങനെ സംഭവിക്കാതിരിക്കണമെങ്കിൽ യേശുവിനോടുള്ള നമ്മുടെ സ്നേഹത്തിലും വിശ്വസ്തതയിലും നാം വളർന്നേ മതിയാകൂ.

**ഫാ. ജോസ് പന്തപ്ലാംതൊട്ടിയിൽ**

**Kerygma 2011 – Congratulations!!!**

**PARISH LEVEL**

| POSITION | NAME | MARKS OUT OF 100 |
|---|---|---|
| 1 | Rosy Paulose | 81.5 |
| 2 | Kevin Jose | 70 |
| 3 | Roshan James | 67 |
| 3 | Joji George | 67 |

**GROUP A**

| POSITION | NAME | MARKS OUT OF 100 |
|---|---|---|
| 1 | Kevin Jose | 70 |
| 2 | Roshan James | 67 |
| 3 | Gerard Francis | 65 |

**GROUP B**

| POSITION | NAME | MARKS OUT OF 100 |
|---|---|---|
| 1 | Delvin Davis | 62 |
| 2 | Joseph Joy | 60 |
| 3 | Eby Antony | 43 |

**GROUP D**

| POSITION | NAME | MARKS OUT OF 100 |
|---|---|---|
| 1 | Joji George | 67 |
| 2 | Baby Francis | 63 |
| 3 | Chinnamma Jose | 59 |

**GROUP E**

| POSITION | NAME | MARKS OUT OF 100 |
|---|---|---|
| 1 | Rosy Paulose | 81.5 |
| 2 | Theresa Anthony | 56 |
| 3 | A C Anthony | 40 |

# ജീവിതത്തിൻെറ പാത്രം തിങ്ങിഞെരുങ്ങുമ്പോൾ

ഒരിക്കൽ ഒരു ടൈം മാനേജ്മെൻറ് വിദഗ്ധൻ മിടുക്കരായ എം. ബി. എ. വിദ്യാർത്ഥികൾക്കു ക്ലാസെടുക്കുകയായിരുന്നു. സമയം എങ്ങനെയാണു പ്രയോജന പ്രദമായി ചെലവഴിക്കേണ്ടതെന്നു വിശദീകരിക്കുന്നതിനിടയിൽ അദ്ദേഹം ഒരു ഡെമൺസ്ട്രേഷൻ നടത്തി:

എല്ലാവരും ശ്രദ്ധാപൂർവ്വം നോക്കിയിരിക്കുമ്പോൾ അദ്ദേഹം ഒരു വലിയ ബക്കറ്റെടുത്തു മേശപ്പുറത്തുവച്ചു. അതിനുശേഷം കുറെ വലിയ കല്ലുകൾകൊണ്ട് ആ ബക്കറ്റ് നിറച്ചു. എന്നിട്ട് അദ്ദേഹം അവരോടു ചോദിച്ചു. ''ഇപ്പോൾ ഈ ബക്കറ്റ് ഫുൾ ആണോ?'' ''അതെ'' എന്നായിരുന്നു വിദ്യാർത്ഥികളുടെ മറുപടി.

''ഈ ബക്കറ്റ് ശരിക്കും ഫുൾ ആണോ?'' ആദ്ദേഹം ചോദ്യം ആവർത്തിച്ചുകൊണ്ട് ഒരു പ്ലാസ്റ്റിക് സഞ്ചിയിൽ നിന്ന് കുറെ ചെറിയ ഉണ്ടക്കല്ലുകളെടുത്തു ബക്കറ്റിലിട്ട് അതു കുലുക്കിനിറച്ചു. ബക്കറ്റ് നിറഞ്ഞപ്പോൾ അദ്ദേഹം വീണ്ടും ചോദിച്ചു: ''ഇപ്പോൾ ഈ ബക്കറ്റ് ഫുൾ ആണോ?''

''അല്ല'' എന്നായിരുന്നു ഇത്തവണ അവരുടെ ഉത്തരം. അദ്ദേഹം വീണ്ടും ഒരു പ്ലാസ്റ്റിക് സഞ്ചിയെടുത്ത് അതിൽനിന്നു കുറെ തരിമണൽ ബക്കറ്റിലിട്ടു. തരിമണലിട്ട് ബക്കറ്റ് കുലുക്കി നിറച്ചതിനുശേഷം അദ്ദേഹം തൻെറ പഴയ ചോദ്യം ആവർത്തിച്ചു: ''ഈ ബക്കറ്റ് ഫുൾ ആണോ?'' ഇത്തവണ ''അതെ'' എന്നായിരുന്നു അവരുടെ ഉത്തരം.

അല്പസമയത്തെ ഇടവേളയ്ക്കുശേഷം അദ്ദേഹം ചോദിച്ചു: ''എന്താണ്, ഈ പരീക്ഷണംകൊണ്ടു നിങ്ങൾക്കു മനസ്സിലായത്?'' അപ്പോൾ ഒരാൾ എഴുന്നേറ്റു നിന്നു പറഞ്ഞു ''നമുക്ക് എത്രമാതം തിരക്കുണ്ടെങ്കിലും നാം പരിശ്രമിച്ചാൽ കൂടുതൽ കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.'' ആ ക്ലാസിലെ മറ്റു വിദ്യാർത്ഥികളെല്ലാം ആ അഭിപ്രായത്തെ പിന്താങ്ങി.

ഉടനേ അദ്ദേഹം പറഞ്ഞു: ''നിങ്ങൾ പറഞ്ഞ കാര്യം ശരിയാണ്. എന്നാൽ, ഈ പരീക്ഷണം കൊണ്ടു ഞാൻ ഉദ്ദേശിച്ചതു വേറൊരു കാര്യമാണ്.'' അവർ എല്ലാവരും ആകാംക്ഷാഭരിതരായി അദ്ദേഹത്തിൻെറ ഉത്തരത്തിനായി കാത്തിരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു: ''വലിയ കല്ലുകൾ ആദ്യമിടണം. അല്ലെങ്കിൽ അവ ബക്കറ്റിൽ കൊള്ളില്ല. ഇതാണു നിങ്ങൾ കണ്ട പരീക്ഷണം നമ്മെ പഠിപ്പിക്കുന്നത്.''

അദ്ദേഹം പറഞ്ഞതു ശരിയാണെന്ന് അവർ സമ്മതിച്ചു. ചരലും മണലും വെള്ളവും കൊണ്ടു ബക്കറ്റ് നിറച്ചതിനുശേഷം വലിയ കല്ലുകൾ ആ ബക്കറ്റിലിടുക അസാധ്യമാണെന്ന് അവർ മനസിലാക്കി. പക്ഷേ, അപ്പോഴും ആ പരീക്ഷണത്തിൻെറ സന്ദേശമെന്താണെന്ന് അവർക്കു പിടികിട്ടിയിരുന്നില്ല. സമർത്ഥരായ ആ വിദ്യാർത്ഥികൾ അല്പനേരത്തേക്കാണെങ്കിലും അങ്ങനെ പകച്ചിരിക്കുമ്പോൾ അദ്ദേഹം പറഞ്ഞു:

''നിങ്ങളുടെ ജീവിതത്തിലെ വലിയ കല്ലുകൾക്കു നിങ്ങൾ പ്രാധാന്യം കൊടുക്കുന്നില്ലെങ്കിൽ അവ ജീവിതമാകുന്ന നിങ്ങളുടെ ബക്കറ്റിൽ ഉൾപ്പെടുത്തുവാൻ നിങ്ങൾക്കു സാധിക്കാതെ വരും. എന്താണു നിങ്ങളുടെ ജീവിതത്തിലെ വലിയ കല്ലുകൾ?''

അവരുടെ മുഖങ്ങളിലേക്കു നോക്കി ഒരു പുഞ്ചിരിയോടെ അദ്ദേഹം തുടർന്നു: ''നിങ്ങളുടെ ജീവിതത്തിലെ വലിയ കല്ലുകളെന്നു പറയുന്നത് നിങ്ങളുടെ കുടുംബാംഗങ്ങൾ, നിങ്ങളുടെ സുഹൃത്തുക്കൾ, നിങ്ങളുടെ മതവിശ്വാസം, നിങ്ങളുടെ ആരോഗ്യം, നിങ്ങളുടെ തുടർവിദ്യാഭ്യാസം, നിങ്ങൾ

ചെയ്യുന്ന നന്മപ്രവൃത്തികൾ, നിങ്ങളുടെ ശാരീരികവും മാനസീകവുമായ ഉല്ലാസം എന്നിങ്ങനെയുള്ള കാര്യങ്ങളാണ്. ഇവയൊക്കെ ജീവിതമാകുന്ന ബക്കറ്റിൽ ആദ്യമിട്ടുന്നില്ലെങ്കിൽ കൊച്ചുകൊച്ചു കാര്യങ്ങൾ കൊണ്ട് ബക്കറ്റ് വേഗം നിറഞ്ഞുപോവുകയും ഇവയെല്ലാം വിസ്മരിക്കപ്പെടുകയും ചെയ്യും.''

ജീവിതത്തിൽ ഒട്ടേറെ തിരക്കുള്ളവരാണു നാമെല്ലാവരും തന്നെ. ശമ്പളം പറ്റുന്ന ഒരു ജോലിയില്ലെങ്കിൽപ്പോലും പല രീതിയിലുള്ള തിരക്കുകൾകൊണ്ടു ക്ലേശിക്കുന്നവരാണ് ഭൂരിപക്ഷം പേരും. നമ്മുടെ ഈ തിരക്കിനിടയ്ക്കു ജീവിതത്തിലെ പല സുപ്രധാന കാര്യങ്ങളും നാം മറന്നുപോകാനിടയുണ്ടെന്നതാണു വാസ്തവം.

ജീവിക്കുവാനുള്ള നെട്ടോട്ടത്തിനിടയിൽ എല്ലാക്കാര്യങ്ങളിലും നമുക്കു ശ്രദ്ധവയ്ക്കുവാൻ സാധിക്കുകയില്ല എന്നതു ശരിയാണ്. എന്നാൽ, ജീവിതത്തിലെ സുപ്രധാന കാര്യങ്ങൾ മറന്നുകൊണ്ടുള്ള ജീവിതത്തിന് എന്ത് അർത്ഥമാണുള്ളത്?

ജീവിക്കുവാൻ നമുക്കു പണം വേണമെന്നതു ശരിയാണ്. എന്നാൽ, പണമുണ്ടാക്കുവാൻ വേണ്ടി കുടുംബബന്ധങ്ങളും ധാർമികമൂല്യങ്ങളും നാം മറക്കാമോ? നമുക്കും ജീവിക്കണമെന്നതിന്റെ പേരിൽ ആരെയും നമുക്കു വഞ്ചിക്കാമോ? നമുക്കു ജീവിക്കുവാൻ ബുദ്ധിമുട്ടുള്ളതിന്റെ പേരിൽ മറ്റുള്ളവരുടെ കഷ്ടപ്പാടുകൾ നാം കാണാതെ പോകാമോ?

നമ്മുടെ ജീവിതത്തിലെ കാതലായ കാര്യങ്ങളിൽ ആദ്യം തന്നെ ശ്രദ്ധിക്കുവാൻ നമുക്കു ശ്രമിക്കാം. അങ്ങനെ ചെയ്യാതെ പോയാൽ കാതലായ ആ കാര്യങ്ങൾക്കു സ്ഥാനം കൊടുക്കാൻ ഒരിക്കലും നമുക്കു കഴിയില്ലെന്നതാണു സത്യം. ജീവിതത്തിലെ വ്യഗ്രതകൾക്കിടയിൽ അവയെല്ലാം നാം എളുപ്പം മറന്നുപോയെന്നുവരും.

നമ്മുടെ ജീവിതത്തിലെ പ്രധാനപ്പെട്ട കാര്യങ്ങൾ ഏവയൊക്കെയാണെന്നു നമുക്കു സ്വയം പരിശോധിക്കാം. ജീവിതത്തിലെ അപ്രധാനവും അപ്രസക്തവുമായ കാര്യങ്ങൾക്കാണു നാം പ്രാധാന്യം കൊടുക്കുന്നതെങ്കിൽ അതിനു സമൂലമായ മാറ്റം വരുത്താനും നമുക്കു ശ്രദ്ധിക്കാം.

കടപ്പാട് - ജീവിത വിജയം

## COCONUT CAKE RECIPE

**Ingridients:**

| | | |
|---|---|---|
| Rava | – | 250 gms |
| Sugar | – | 350 gms |
| Amul Butter | – | 100 gms |
| Milk | – | ¼ litre |
| Decicated coconut | – | 200 gms |
| Baking powder | – | 1 tsp |
| Egg | – | 5 nos. |
| Almond powder | – | 1 tsp |
| Cashew powder | – | 1tsp |
| Vanilla essence | – | a few drops |

**Preparations:**

Boil the milk first and keep it on slow fire. Put the sugar in it. Then add the butter and rava into it. Stir well for three minutes. Then put off the fire and keep the mixture for cooling. When it becomes cold add the decicated coconut and mix well. Beat well the eggs and add to it. Then add the baking powder, cshew and almond powder and mix well. Last add a few drops of vanilla essence.

Grease a cake pan with butter and pour the mixture into it. Preheat the oven and bake it for 45 mins to 1 hour at 180 degrees temperature.

**- Mrs. Daisy Jose**

# എൻെറ വീട്

ഒത്തിരി സന്തോഷവും ശാന്തിയും സമാധാനവും നിറഞ്ഞ വീടാണ് നീനുമോളുടേത്. അപ്പച്ചനും അമ്മയ്ക്കും നീനുമോളോടുള്ള സ്നേഹം അതിരറ്റതായിരുന്നു. അവർ ഒരുമിച്ച് പള്ളിയിൽ പോവുകയും ഒരുമിച്ച് പ്രാർത്ഥിക്കുകയും, ഭക്ഷണം കഴിക്കുകയും കളിക്കുകയും ഒക്കെ ചെയ്തിരുന്നു. എന്നാൽ ഈ സന്തോഷം അധികം നാൾ നീണ്ടുനിന്നില്ല. നീനുമോളുടെ അമ്മ ഈശോയുടെ പക്കലേക്ക് പോയി. അമ്മയുടെ വേർപാട് അവളെ ഒത്തിരിയധികം ദുഃഖത്തിലാഴ്ത്തി. അമ്മയുടെ മരണശേഷം അപ്പച്ചൻ വീണ്ടും വിവാഹം കഴിച്ചതോടുകൂടി അപ്പച്ചൻെറ സ്നേഹം ഒത്തിരി കുറയുന്നതായി അവൾക്ക് അനുഭവപ്പെട്ടു. കുഞ്ഞുവാവയുടെ ജനനത്തോടുകൂടി വീട്ടിൽ തൻെറ കാര്യത്തിൽ ആർക്കും ശ്രദ്ധയില്ലാത്തതായി അവൾക്കു തോന്നി. എന്നാൽ അവളുടെ ഏക ആശ്രയം ദേവാലയവും വി. കുർബ്ബാനയിൽ സംബന്ധിക്കുകയുമായിരുന്നു. വി. കുർബ്ബാനയ്ക്ക്ശേഷം മാതാവിൻെറ തിരുസ്വരൂപത്തിൻെറ മുമ്പിലിരുന്ന് തൻെറ വീടിനുവേണ്ടി അവൾ പ്രാർത്ഥിക്കുമായിരുന്നു.

നാളുകൾക്ക്ശേഷം അന്ന് ഒരു ക്രിസ്തുമസ് ദിനം എല്ലാവരും പള്ളിയിലേക്ക് പോകുവാൻ ഒരുങ്ങുന്ന സമയം. അപ്പച്ചനും അമ്മയും വാവയും കൂടി നീനുമോളുടെ അടുത്തേയ്ക്ക് വന്നു. ഒത്തിരി ആശ്ചര്യത്തോടെ അവൾ അവരെ ഉറ്റുനോക്കി. തന്നെ മാറോടുചേർത്ത് അമ്മ അവൾക്ക് ഒരു സമ്മാനപൊതി സമ്മാനിച്ചു. അത് തുറന്നുനോക്കിയപ്പോൾ തൻെറ കണ്ണുകളെ തന്നെ വിശ്വസിക്കാനാകാതെ അവൾ ആത്മഗതം ചെയ്തു: ‘‘എൻെറ പൊന്നുണ്ണീശോയെ, ഞാൻ എന്താണീ കാണുന്നത്? എന്താ ഇവർ ഇത്രയധികം മാറുവാൻ കാരണം നീയും നിൻെറ അമ്മയും ചേർന്നാണോ ഇതെല്ലാം ഇവരെകൊണ്ട് ചെയ്യിപ്പിക്കുന്നത്. നിനക്ക് ഒരായിരം നന്ദി.’’ ശേഷം എല്ലാവരുംകൂടി പുൽക്കൂട്ടിലെ ഉണ്ണിയെ വണങ്ങുവാൻ പള്ളിയിലേക്ക് പോയി. തങ്ങളുടെ വീട്ടിൽ ആദ്യമുണ്ടായിരുന്ന ആ സ്നേഹത്തിലേക്കും സമാധാനത്തിലേക്കും സന്തോഷത്തിലേക്കും വീണ്ടും നയിച്ച പൊന്നുണ്ണീശോയ്ക്ക് നീനുമോള് ഒരായിരം മുത്തം നല്കി നന്ദി പറഞ്ഞു.

Sr. Serena Thalakodan,

## ഫലിത ബിന്ദുക്കൾ

മാർക്കറ്റിലെ കോഴിക്കടയിൽ നിന്നും കോഴിയെ വാങ്ങി മുറിച്ച് കഷ്ണങ്ങളാക്കി വീട്ടിൽ കൊണ്ടുചെന്ന വീട്ടമ്മ ഉടനെ തിരിച്ച് കോഴികടക്കാരൻെറ അടുത്ത് ദേഷ്യത്തിൽ : ‘‘എടോ താൻ മുറിച്ച് തന്ന കോഴി കഷ്ണങ്ങളിൽ ലിവർ കാണുന്നില്ലല്ലോ താൻ മോഷ്ടിച്ച് എടുത്തു അല്ലെ?’’

കടക്കാരൻ : ‘‘അയ്യോ ചേച്ചി ഞാൻ ലിവർ മോഷ്ടിച്ചതല്ല. ചാരയകച്ചവടക്കാരൻെറ വീട്ടിൽ വളർത്തിയ കോഴികളെയാ ഞാൻ വിറ്റിരുന്നത്. അതിനകത്ത് ലിവർ ഉണ്ടാകുമോ എന്ന് ഗാരണ്ടിയില്ല.’’

എം. ഓ. ജോയി
വിമല മാതാ യൂണിറ്റ്

Teacher asks the student
“Name the nine planet”
Student replies... Mercury, Venus, Jupitor
Teacher :- Aur Batao
Student :- Aur Bus... Sab badhaya. ... Maata ki krupa hai... Aap batao.

Annie Francis

# THE LEANING TOWER OF PISA

## *Why does it lean?*

The Leaning Tower of Pisa, in Italy, is one of the world's most beautiful and bizarre buildings. Breaking every architectural rule, the tower at present leans about 14 feet from the vertical and continues to lean farther south every year. The structure, today more than 800 years old, has leaned continusely since the day construction was started.

In 1174, during Pisa's golden age, a period of economic prosperity and artistic riches, the citizens resolved to build the campanile (bell tower) that their magnificent cathedral had been without for so long. The tower was to surpass all other towers being built in Italy at the time and was to symbolize the wealth and power of the illustrious Republic of Pisa.

**Work in progress**

The first stone was laid in August 1174, and numerous architects and master masons worked on the structure. But no sooner had the story been completed, than the tower started to lean to the south. The culprit was the settling of the foundation. To compensate, subsequent stories were built closer to the vertical in order to "straighten" the tower.

The work was very laborious, and the architects and masons either lost interest or were defeated by the problem of the lean. Meanwhile, the tower continued to tilt badly. More radical solutions had to be found for the upper stories, or the whole tower would topple.

One of the more ingenious solutions was to make the pillars on the south side higher than those on the north, so that the tower could "grow" back into line.

The tower was completed in 1350, when the bell chamber was added - also built at an angle to compensate for further settling, with the heaviest bells on the north side. But the tower still leaned southward. Fortunately, no further stories were added. Had they been, the center of gravity would have moved outside the base of the tower, and the entire structure would have fallen.

The site was the cause of all the problems. Pisa stands on a flat alluvial plain, and settling is a common phenomenon throughout the city.

The famous Leaning Tower itself is cylindrical, with eight stories of arched arcades built of white marble. Its present height is 179 feet, although it was originally taller. Not only has settling caused it to lean but also has made it sink into the ground.

Modern technology has helped to stabilize the tower and arrest its rate of lean to about one-sixteenth of an inch every year. But even at this rate, in another 175 years the tower will fall to the ground, reduced to a pile of rubble.

**DECLINE - AND FALL?**

*The Leaning Tower of Pisa has been on a tilt since it was built more than 800 years ago. From the top of the tower, astronomer and physicist Galileo Galilei, a native of Pisa and lecturer in mathematics at the university between 1589 and 1591, conducted his famous experiments. He proved that bodies of different weight fall at the same speed.*

# പിതൃവേദി

2012 ജനുവരി 26-ാം തിയ്യതി പള്ളിയിൽ നിന്നും കല്യാണിലുള്ള ഓൾഡ് എയ്ജ് ഹോമിലേക്ക് ധാരാളം പേർ പോവുകയും വേണ്ട സഹായങ്ങൾ ഓരോരുത്തരും നല്കുകയും ചെയ്തു. ഫെബ്രുവരി മാസത്തിൽ ബഹുമാനപ്പെട്ട ജെബിനച്ചൻെറ അദ്ധ്യക്ഷതയിൽ കൂടിയ പിതൃവേദി എക്സിക്യൂട്ടീവ് മീറ്റിംഗിൽ മെയ്മാസത്തിൽ സോളാപൂരിലുള്ള ഓൾഡ് എയ്ജ് ഹോം സന്ദർശനത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. അതിനുള്ള ദിവസം പിന്നീട് തീരുമാനിക്കാം എന്നും അഭിപ്രായപ്പെടുകയുണ്ടായി.

**ആദരാഞ്ജലികൾ**

1. പിതൃവേദിയുടെ സ്ഥാപക ആനിമേറ്റർ ആയിരുന്ന മി. പി. കെ. തോമസിൻെറ മകൻ വിജേഷ് ജനുവരി 28-ാം തിയ്യതി മരണമടഞ്ഞു. ജനുവരി 31-ാം തിയ്യതി ഉണ്ടായ ശവസംസ്കാരത്തിലും പിതൃവേദിയുടെ അഗാധമായ ദുഃഖം രേഖപ്പെടുത്തുകയും ധാരാളം അംഗങ്ങൾ പങ്കെടുക്കുകയും ചെയ്തു. പെട്ടെന്നുണ്ടായ മരണത്തിൽ ധാരാളംപേർ അവരുടെ ഭവനത്തിൽ എത്തി വേണ്ട എല്ലാ സജ്ജീകരണങ്ങൾ ചെയ്തുകൊടുക്കുകയും ചെയ്തു. പിതൃവേദിക്ക് വേണ്ടി റീത്ത് സമർപ്പിക്കുകയും ചെയ്തു.
2. മാർച്ച് മാസം 8-ാം തിയ്യതി മരണമടഞ്ഞ ശ്രീ. എൻ. എ. പൗലോസിൻെറ വേർപാടിൽ പിതൃവേദിയുടെ ഒട്ടുമിക്ക അംഗങ്ങളും തന്നെ പങ്ക്ചേരുകയും പിതൃവേദി മറോൾ സംഘടനയ്ക്കുവേണ്ടി റീത്ത് സമർപ്പിക്കുകയും ചെയ്തു.

**വിശുദ്ധ യൗസേപ്പിതാവിൻെറ തിരുനാൾ**

പിതൃവേദി സംഘടനയുടെ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിൻെറ തിരുനാൾ മാർച്ച് 22, 23, 24, 25 എന്നീ തിയ്യതികളിൽ നമ്മുടെ പള്ളിയിൽ വച്ച് പൂർവ്വാധികം ഭംഗിയോടെ നടത്തി. തിരുനാളിനോട് അനുബന്ധിച്ച് നടത്തിയ ആഘോഷങ്ങൾക്ക് കേന്ദ്രത്തിൽ നിന്നുള്ള ഭാരവാഹികളും എത്തിചേർന്നിരുന്നതിൽ നമുക്കു സന്തോഷിക്കാം.

പിതൃവേദിയുടെ വാർഷിക പരിപാടികൾ വളരെ ആഘോഷമായി മെയ്മാസം 20-ാം തിയ്യതി ഞായറാഴ്ച വൈകുന്നേരം മുള്ളുണ്ട് കാളിദാസ ഓഡിറ്റോറിയത്തിൽവച്ച് വൈകുന്നേരം 5 മണിമുതൽ നടത്തുന്ന കാര്യം ഏവരേയും അറിയിച്ച് കൊള്ളട്ടെ. വാർഷികത്തോടനുബന്ധിച്ച് നാടകമത്സരം (ബൈബിൾ ഭാഗം) രാവിലെ 10 മണി മുതൽ നടത്തുന്നു. അതിന് വേണ്ടി നമ്മുടെ പള്ളിയിൽ നിന്നും ഒരു ടീം പങ്കെടുക്കുന്ന കാര്യം സന്തോഷപൂർവ്വം അറിയിക്കട്ടെ. പള്ളികളുടെ നേതൃത്വത്തിൽ ഒരു പള്ളിയിൽ നിന്നും ഒരു ടീമിന് മാത്രമെ പങ്കെടുക്കുവാൻ സാധിക്കുകയുള്ളൂ. ഇതിൽ കുട്ടികൾക്കും, അമ്മമാർക്കും മാത്രമല്ല ആർക്ക് വേണമെങ്കിലും പങ്കെടുക്കാം. താല്പര്യമുള്ളവർ യൂണിറ്റ് സെക്രട്ടറിമാരുടെ അടുക്കൽ പേര് നൽകണമെന്ന് അപേക്ഷിക്കുന്നു.

എന്ന് മറോൾ പിതൃവേദി വേണ്ടി,
സെക്രട്ടറി, **ജോർജ്ജ് കല്ലുക്കാരൻ**

## JOKES

*Son: "Daddy, have you ever been to Egypt?"*

*Father: "No. Why do you ask that?"*

*Son: "Well, where did you get this mummy then?"*

*A man asked his friend , "Why does Manmohan Singh go walking in the evening and not in the morning"*

*Friend: "Arey bhai, Manmohan is P.M. not A.M."*

*Kevin Jose*

## MATHRUSANGHAM REPORT

Mathrusangham is continuing the spiritual activities of the parish strongly. 26th January 2012 was a memorable day for the Mathrusangam members as they celebrated the "MOTHERS DAY" on that day. The day's programme started at 4.30 p.m. with the Prayer Song. Rev. Fr.Tony Nelliyani was the chief guest on that day. There were also other important dignitaries invited for the celebration. Mathrusangam members had put up some cultural programmes to entertain the audience. It was really an enjoyable and significant day for all of us as many had appreciated the efforts of the Mathrusangam members to make the day a grand success. Thanks to all the mothers for their sincere co-operation. The celebration ended at 7.00 p.m. with the final blessing and prayer followed by the "Snehavirunnu".

The Mathrusangam classes are regularly held on every 2nd Thursday of the month after the 7.30 p.m. mass under the guidance of Fr. Jebin Pathiparambil. A yearly planner has been prepared and the same will be circulated to all the mothers in due course. All the mothers are requested to attend the activities accordingly as per the planner.

On 8th March 2012, there was a Leadership class for the Executive members of the Mathrusangam. Six members from our Parish attended the same. Mrs. Rosy Jose was the Eminent Speaker for that day. It was really a worth and thorough knowledge gaining class.

Let us all commemorate the Passion, Death and Resurrection of Lord Jesus and await for a Happy Easter.

May the Almighty God bless us all abundantly.

With Regards
**EMILY JOSE,** Secretary

## YOUTH REPORT

The Youth completed a great year of 2011 with many events and accomplishments like Talentia to boost up capabilities and encourage them to reach their limits. With A pinch of fun and flavor we ended up the year, and welcomed Christmas and New Year. The decorations of church and Christmas tree for the mass on Christmas Eve kept the rituals alive, with a touch of gifts hanging out on the tree for kids and all. The hardworking youth performed well throughout the year for all of us.

In the month of Jan we had the sad demise of Mr. Vijesh Thomas and the funeral was conducted on the 31st of Jan followed by mass for people to offer their respects. Vijesh was a cheerful and warm-hearted person for whom we will always pray.

On March 8th, being a Holi and Woman's Day Fr. Jebin organized an impressive and inspiring seminar for the youth, which definitely was worth the while. Mr. Joseph an older youth, enlightened us about some topics for the current generation of youth, followed by an old and wise Mr. Babu Peter sharing his wisdom and thoughts for improvement in the life of youth and ended by Fr. Matthew S.V.D with his strong beliefs and inspiring thoughts touching the hearts of all the youth.

The seminar ended up with the election of a strong committee members to lead the youth for the year 2012-2013.

| | | |
|---|---|---|
| President | : | Mr. Juvin Wilson |
| Vice President | : | Ms. Marica Paul |
| Secretary | : | Mr. Merjin Jose |
| Joint Secretary | : | Mr. Joseph Francis |
| Treasurer | : | Ms. Melga Jose |
| Zonal Representatives | : | Mr. Binoy Matthew and Ms. Celina Sunny |
| Animator | : | Mr. Antroson |

I would like to thank Fr. Jebin and all the youth for their support and this opportunity

Youth President [2011-2012]
**ROBIN ALEXANDER**

## ZONAL RETREAT FOR CATECHISM CHILDREN

A retreat was held on the 29th of December in our Church; where in 72 kids from 8 churches of the Andheri Zone participated. This retreat was led by Rev. Fr. Shaiju Kattayath.

The first session commenced at 9 am, with Jabin Achan introducing us to Fr. Shaiju. We all welcomed him with a huge round of applause.

Fr. Shaiju began the session with a prayer. He explained to us the importance of God in our life, helping us realize how easy life can be if we surrender ourselves to God Almighty. We learnt stress-busting techniques, which I'm sure, would be extremely helpful during our exams. In order to cheer us kids, he taught us action songs. Fr. Shaiju is also very good singer. We didn't want the action songs to stop.

We had a break for 15mins, in order that we could "recharge "ourselves. After the break, we had a short talk by Fr. Jabin, about how children can be free of tension. He explained the importance of giving catechism as much importance as academics. We then assembled in our parish hall, for lunch. There was some yummy *motta biriyani*, waiting for us!

In the session that followed, Fr. Shaiju shared his experience during his visit in the Vatican. He also helped us understand the importance of our Blessed Mother's veneration.

We all prayerfully participated in the Adoration, followed by a celebration of Fr. Shaiju's second anniversary as a priest.

We, the catechism students, are very thankful to Fr. Shaiju, who made this retreat a joyful and memorable one; and to Fr. Jabin for having arranged such a nice retreat for all of us.

Catechism Students
Krusturaj Church

## LIFE IS A GAME................

Life is an unexpected game,
Where we never gets what we want at that time;
But we get it, when we are unable to accept it.
In this fast forward life,
Everyone is running to achieve bigger goal for someone;
But in this race of life;
We forget the person for whom we are running.
Life takes unexpected twist and turn anytime,
This twist may turn fatal for some people,
Whereas for some it would brighten their life.
Never get depressed,
If 2day this twist has turned fatal 4 U,
Don't worry then, 2mrw it will surely brighten your life.
Never get depressed in life,
Just remember one thing in life;
"WHATEVER HAPPENS IN LIFE, HAPPENS FOR GOOD".

- ANGEL VARGHESE

# CATECHISM REPORT

The year 2011 ended on a reflective note for catechism children. Children of Andheri Zone got together at our church for a day of retreat and thanksgiving led by Fr.Shaiju Kattayath and Fr.Jebin on the 29th of December.

Catechism annual examination was held on 29th January, followed by open day on the 5th of February. Ten children participated in the scholarship examinations held on 19th Feb 2012 at our church, bringing to a close the catechetical academic year.

Mass and adoration held on 3rd Feb. (First Friday) was especially dedicated to children preparing for the 10th and 12th standard board examinations.

Christeen Eve was conducted for catechism children on 11th February by Fr.Jebin.

This year the Dept. Of Catechism introduced Bliss Eternia—competitions for catechism teachers at the diocese level. The competitions included poem writing, essay writing, short story writing, bible quiz, creating articles out of waste material and tableau. Our teachers participated in all the competitions.

We are very grateful to all our teachers and our animator who sincerely spent their time and effort imparting Christian values to our children. We appreciate the dedication of Sr. Elsy, Sr. Serena and Br. Albin towards the catechism department and especially for being part of Kristuraj Family. We thank Fr.Jebin for guiding and encouraging our teachers and students.

We appreciate the co-operation of all parents who became active members of the faith formation movement by ensuring participation of their children in all the programs arranged for them by the catechism department.

Six children are preparing to receive their First Holy Communion on the 22nd of April; we request your prayers for the children, their families and their teacher Sr.Elsy.

**- Mrs. Bini Thomas**
Catechism Headmistress

## എൻെറ സ്വപ്നം

കാണാൻ നല്ലൊരു സ്വപ്നം,
കാനനപൂഞ്ചോല തന്നരുകിൽ,
കാത്തിരുന്നൊരു സ്വപ്നം,
കണ്ടാൽ തൂമന്ദഹാസം പൊഴിക്കും,
കാനാൻ ദേശത്തെ സ്വപ്നം.

സ്നേഹത്തിൻ ദീപമായ്,
ത്യാഗത്തിൻ സൂനമായ്,
സത്യത്തിൻ വഴി വിളക്കായ്,
നീതി തൻ മാല്യവുമായ്,
കൈകൾ കോർക്കും ജനം, തിരുജനം

പുതുപുത്ര സ്വാതന്ത്ര്യം നുകരും,
പുഞ്ചിരി തൻ പൂത്തിരിയായ്,
പുണ്യത്തിൻ പുലരി തൻ,
പുതു ചൈതന്യ പൂത്താലവുമായ്,
പുതുജനം ഹാ പ്രിയജനം

പൂന്തെന്നൽ തലോടലായ്,
പുഞ്ചിരിക്കും പുതിയാകാശത്തിൽ,
പൂഞ്ചോല തൻ ശാന്തിയായ്,
പൂവണിയും പുതിയ ഭൂമിയിൽ,
പൂത്തുലയും വിശ്വപ്രകാശമാം ദൈവജനം

**സിസ്റ്റർ എൽസി ജോസഫ്**

# Sweet Nothings

## *In Search of Zero*

Is zero a number? If so, it is a very peculiar one. It does not behave like an ordinary number at all. It is not used in counting, and if it is added to or subtracted from a "normal" number, it makes no difference. Zero barely exists.

But put it to the right of another number and that number increases tenfold. Multiply it by any number and the answer is always zero. If dividing by zero on an electronic calculator, the calculator will play peculiar tricks. Calculators do not allow division by zero and will register an error.

Zero made its debut in Babylonian mathematics as early as 1000 B.C., and it shows up in the mathematical systems of the ancient Egyptians, Greeks and Mayans as well. The concept may have arisen because of the need to notate the result when two equal numbers were subtracted from each other, leaving no positive remainder. It was not until the Arabs adopted the Hindu system of numerals and in turn passed it on to Western mathematicians in the ninth century A. D. that zero achieved widespread recognition.

But even then documents referred to 9 numbers, not 10 - implying that zero still had not achieved that status of a number. Indeed, the peculiar behaviour of zero led some people to believe that it had magical powers. Secret societies used one of its many names, *cifra*, as a password.

Today mathematicians usually take a pragmatic approach to zero. They use it, even though they do not fully understand it. And most of the time it behaves like a regular number. For example, zero belongs to the sequence . . . - 3, - 2, - 1, 0, 1, 2, 3 ... But the paradoxes remain.



**St. Jude
Pray for us**

## NOVENA TO ST. JUDE

Most Holy Apostle and Martyr St. Jude, great in virtue, rich in miracles, nearkinsman of Jesus Christ, faithful intercessor of all who invoke you, special patron in time of need, to you I have recourse from the depth of my heart and humbly beg you to come to my assistance. Help me now in my present and earnest petition. In return I promise to make your name known and cause it to be invoked.

Say 3 times Our Father, Hail Mary and Glory Be.

St. Jude, pray for us and for all who honour you and invoke your aid. Amen.

**INSERTED BY**

Mrs. Annie Paul, St. Mary's Unit

# Great Googols

How many grains of sand are there on the beach at Coney Island in New York City? How many raindrops fall on London in a year? What is the number of words that have been spoken in all the history of mankind? How many electrons are there in a thimbleful of air?

In order to answer questions such as these, mathematicians often have to deal with very, very large numbers. To help them do it, the American mathematician Edward Kasner coined a name for a very, very large number; the googol. A googol is a hundred billion billion, which is a 1 followed by 100 zeros.

How large is a googol in real terms? The number of grains of sand lying on the beach at Coney Island has been calculated at about 100,000,000,000,000,000,000 - 1 followed by only 20 zeros. Much smaller than a googol!

The number of raindrops that fall on London in a year, or even a century, is also less than a googol. The total number of words ever spoken out loud by mankind is somewhere in the neighbourhood of 10,000,000,000,000,000, substantially less than a googol.

The number of electrons in a thimbleful of air is a slightly different matter. Electrons are so small that the number passing through the filament of an ordinary 40 watt light bulb in a minute is equal to the number of drops of water flowing over Niagara Falls in a century. One might expect, therefore, that the number of electrons in a thimbleful of air could be expressed in googols. But it cannot be. The theories of Albert Einstein enable astrophysicists to estimate the number of electrons in the entire universe, and even that is less than a googol - about 1 followed by 79 zeros (to be as precise as scientists dare). In fact, the googol is just larger than the very largest numbers used in physics and chemistry.

And the googol is not the largest number. The googolplex is larger still: a 1 followed by a billion billion zeros.

It is hard to imagine how much room it would take to write out a googolplex, but to get some idea, there would not be enough room for it if, starting at the farthest known star, one took the most circuitous route back to earth, writing zeros all the way.

## Resolve Maoist issue through talks, says archbishop

By initiating humanitarian service in Maoist affected areas, the rebels can be brought to the negotiating table, he said.

**Thakurpukur:**

The Maoist issue in West Bengal could be resolved through a process of dialogue, Archbishop Thomas D'Souza of Kolkata has said.

By initiating humanitarian service in the affected areas, the rebels can be brought to the negotiating table.

"Our solution to the (Maoist) problem is one of prayer, reconciliation and service," he said replying to a query on whether the Church had any solution to the Maoist issue.

"The Church's work in education and healthcare can help bring about reconciliation and pave the way for a dialogue."

He said the Church's missions in West Midnapore were doing well in Maoists areas and were quite reconciled with the people there.

However, he lamented that the Church has not been able to reach out to Maoists active in the deep jungles of West Midnapore, Bankura and Purulia districts.

He was talking to the media on the sidelines of the Regional Mission Congress.

On Pope Benedict XVI's remark that communism had lost relevance in the world, Archbishop D'Souza said "whether communism or Christianity, the love for the poor is common to both. But (Communist) methodology to achieve this may be irrelevant."



Asked to comment on CPI(M) Politburo member S Ramachandran Pillai's reported call to the Catholic Church to collaborate with the party in improving the lives of the poor, he said, "We believe whoever is not against us, with us."

He said late Marxist leader Jyoti Basu and Mother Teresa both treated each other with respect because both had concerns for the poor.

"The Church is not against working with others in improving lives of the poor."

Earlier, Apostolic Nuncio Salvatore Pennachhio celebrated Mass to mark the close of the Mission Congress.

It was attended by bishops, priests and laity from the diocese of Asansol, Bagdogra, Baruipur, Kolkata, Darjeeling, Jalpaiguri, Krishnagar and Raigunj.

Source: Zeenews



## BORN IN CHRIST

| Date of Birth | Date of Baptism | Name & Surname | Parents | Place of Baptism | Address |
|---|---|---|---|---|---|
| 23-11-2011 | 07-01-2012 | Joshua | Clifford Anthony<br>Janki Clifford | Kristuraj Church, Marol | R. No. 9, Janta Colony, Baman Puri Village, J. B. Nagar, Andheri (E) |

## HEARTY WELCOME

### BACHELORS / SPINSTERS

| NAME & HOUSE NAME | BIRTHDAY | PARISH / DIOCESE IN KERALA | ADDRESS | FAMILY UNIT |
|---|---|---|---|---|
| Midhun Mathew<br>Nellikunnel | 28th June | Thazhuvamkunnu<br>Kalloorkadu<br>Muvattupuzha, Ekm. | Room No. 4, Bldg. No. 3<br>New Aakar Hsg. Soc,<br>Behind Seven Hills<br>Hospital, Marol. | St. Thomas |
| Melissa Joy<br>Kizhakekkattil | 10th Dec | 42/2310 Aysha Road,<br>Vyttila P. O.<br>Cochin - 682 019 | Room No. 120,<br>Emrald Court,<br>D-Wing, Hinduja House,<br>Kondivita Lane,<br>Andheri (E). | St. Sebastian |



# Joined In Holy Matrimony

| Bridegroom | Parents | Domicile | Bride | Parents | Domicile | Date Of Marriage | Place of Marriage |
|---|---|---|---|---|---|---|---|
| Sneha | Francis P. S.<br>Laila | Marol Mumbai | Abymon | Chacko<br>Leelamma | Bhandup | 15-01-12 | Mulund |
| Tency | Thomas K. O.<br>Rani | Marol Mumbai | Jayesh Pawde | Yadav Pawde<br>Yogita Pawde | Borivli (E) | 14-02-12 | Marol |




## REST IN PEACE

| | | |
|---|---|---|
| **28.01.2012** | **Vijesh Thomas** | **404, Mil Jul CHS Ltd., Mapkhan Nagar, Marol** |
| **08.03.2012** | **Paulose N. A.** | **102, Shree Shakti Apts., Military Road, Marol** |

## SNAPSHOTS

| | |
|---|---|
| January 14, 15 | St. Sebastian Feast |
| January 26 | I) Celebrated Mathrudinam |
| | II) Visit to Orphanage at Haji Malang, Kalyan |
| February 5 | Thara Sangeetha Nisha |
| February 12 | Youth Meeting |
| February 16 | Pitruvedi Meeting |
| February 17 | Celebrated All Souls Day |
| February 18 | Beatitude of Mar George Alencherry |
| February 18 | Pilgrimage to Infant Jesus Church, Nasik |
| February 19 | Class for Parents by Mr. Babu Peter |
| February 19 | Annual day of Little Flower Unit |
| February 20 | Ash Monday |
| February 26 | Eterina – Programme for Catechism Teachers at Powai |
| March 8 | Youth Retreat |
| March 16,17,18 | Annual Retreat at Canossa School Auditorium & Confession |
| March 22,23,24 & 25 | St. Joseph Feast |
| March 23 | Way of the Cross by Mathrusangham at Zonal Level |

## FORTHCOMING EVENTS

| | |
|---|---|
| April 1 | Palm Sunday |
| April 5 | Maundy Thursday |
| April 6 | Good Friday |
| April 7 | Holy Saturday |
| April 8 | Easter |
| April 13 | Feast of All Saints |
| April 14 | Christian Eve |
| April 22 | First Holy Communion |
| May 1 | St Joseph Feast – Workers' Day |
| May 8 | Feast of Mother Mary |
| May 17 | Assumption of Jesus |
| May 27 | Pentecost Day |
| June 3 | Trinity Sunday |
| June $4^{th}$ week | Parish Day Competitions |

## KRISTURAJ CHURCH – MAROL
## Holy week programme – 2012

| | | |
|---|---|---|
| **Palm Sunday**<br>(1st April) | 8.30 am | **Holy Mass, Blessing of Palms.**<br>Message: **Fr. Joyson Thekkekudiyil SVD** |
| **Maundy Thursday**<br>(5th April) | 3.00 to 8.30 pm<br><br><br><br><br><br><br><br><br><br><br>8.30 pm<br><br>10.00 pm | **Adoration of the Blessed Sacrament**<br>3.00 to 3.30 pm - St. Joseph's unit<br>3.30 to 4.00 pm - St. Thomas Unit<br>4.00 to 4.30 pm - Little Flower Unit<br>4.30 to 5.00 pm - Vimalamatha Unit<br>5.00 to 5.30 pm - Kristuraj Unit<br>5.30 to 6.00 pm - St. John the Evangelist Unit<br>6.00 to 6.30 pm - St. Paul Unit<br>6.30 to 7.00 pm - St. George Unit<br>7.00 to 7.30 pm - St. Sebastian Unit<br>7.30 to 8.30 pm – Common Adoration<br>Solemn High Mass,<br>Washing of the feet<br>Message: **Fr. Jebin Pathiparmbil** (Parish Priest)<br>Breaking of Peshaha Bread |
| **Good Friday**<br>(6th April) | 3.30 pm<br><br><br><br><br><br>5.15 pm | **Way of the Cross**<br>**(**Starting from Nikitha Apts- Bamandayapada, towards Kristuraj Church through Military Road & Marol Maroshi Road**)**<br>**Passion Events Reading**<br>(Liturgical Service Commemorating the Passion and death of our Lord)<br>Message: **Fr. Chechot -**Changanassery Arch Diocese (Pune) |
| **Holy Saturday**<br>(7th April) | 7.00 am | **Holy Mass**<br>**(**Renewal of Baptismal Vows, Blessing of the New Fire and New Water) |
| **Easter Mass**<br>(7th April) | 10.00 pm | **Solemn Easter Vigil Service and Solemn High Mass**<br>Message: **Fr. Chechot -**Changanassery Arch Diocese (Pune) |
| **Easter Sunday**<br>**(** 8th April**)** | | ***Note: - There will be no Mass on Easter Sunday*** |
| **Lent Confession**<br>(4th April) | | **There will be confession in the church on Wednesday, 4th April from 7.00 to 9.00 pm** |